ദീനബന്ധു

# തക്കർബാപ്പാ

SOUTHERN LANGUAGES BOOK TRUST
LIBRARY
MADRAS



32
10/3000

ടി. പി. ആർ. നമ്പീശൻ.

ദീനബന്ധു

# തക്കർബാപാ

Deenabandho Thakkar Bapa

SOUTHERN LANGUAGES BOOK TRUST
3000
LIBRARY.
MADRAS.

ഗ്രന്ഥകർത്താ:
ടി. പി. ആർ. നമ്പീശൻ.
T. P. R. Nambissan

പ്രസാധകന്മാർ:
പി. കെ. ബ്രദേർസ്, കോഴിക്കോട്.
P. K. Bros, Calicut

വില 10ണ.

*First Edition 1956.*
*Copyright to Publishers.*

**Printed at**
The Prakasakaumudi Printing Works, Calicut.

# സമർപ്പണം

എൻെറ

ഇന്നത്തെ കഴിവുകൾക്ക്

നിദാനമായിരുന്ന

പ്രിയ പിതാമഹൻ

**ശ്രീ. ഹാജിശ്ശേരിപട്ടത്തു രാമൻനമ്പ്യാരുടെ**

പാവന സ്മരണയ്ക്ക്.

DEPARTMENT OF MALAYALAM * UNIVERSITY OF MADRAS *
MARINA CAMPUS
CHENNAI 600005

# കടപ്പാട്

ഈ ഗ്രന്ഥമെഴുതുന്നതിൽ തക്കർബാപാ സ്മാരകഗ്രന്ഥവും, 'ദീനബന്ധു തക്കർബാപാ' എന്ന ശ്രീ. വിയോഗീഹരിയുടെ ഹിന്ദീ ഗ്രന്ഥവും സഹായകമായിട്ടുണ്ട് എന്നു് വ്യക്തമാക്കിക്കൊള്ളട്ടെ.

---

# പ്രസ്താവന

ശ്രീ. തക്കർബാപ്പ ജീവിച്ചിരിക്കുന്ന കാലത്തു അദ്ദേഹത്തിൻെറ പ്രവൎത്തനത്തിൽ പങ്കുകൊള്ളാൻ കഴിഞ്ഞില്ല. അതിനു ശേഷമാണു് ഞാൻ ആ സംഘത്തിൽ വന്നു പെട്ടതു്.

വായിക്കുംതോറും ആവേശം തരുന്നതാണു് അദ്ദേഹത്തിൻെറ ജീവിതചരിത്രം. ആ ആവേശത്തിൻെറ ഒരു ചെറിയ കൈത്തിരി ആ പുണ്യശ്ലോകൻെറ ഭാവനാവിഗ്രഹത്തിനു മുമ്പിൽ കൊളുത്തിവെക്കുകയാണു് ഞാൻ !......

അദ്ദേഹം അധികം അറിയപ്പെട്ടിട്ടില്ല ! അറിയപ്പെടണമെന്നു ആഗ്രഹിച്ചുമില്ല. എന്നാലും അറിയേണ്ടതാണു് ആ ജീവിതം, പഠിക്കേണ്ടതാണു് ആ ജീവിത ചരിത്രം !

അദ്ദേഹത്തോടുള്ള ഭക്തിഭാവങ്ങൾ എനിക്കു ഭാവിയിലും ആവേശം തരട്ടെ എന്നു പ്രാൎത്ഥിച്ചുകൊണ്ടു ഈ ചെറുഗ്രന്ഥം വായനക്കാരുടെ മുന്നിൽ സമൎപ്പിക്കുന്നു.

കോഴിക്കോട്ടു്-2.
3—8—'56.

ടി. പി. ആർ. നമ്പീശൻ

ദീനബന്ധു

# തക്കർബാപാ

## 1. ജനനവും വിദ്യാഭ്യാസവും

1869 നവമ്പർ 29-ാംനു- സൌരാഷ്ട്രത്തിൽ ഭവനഗറിൽ ശ്രീ. തക്കർബാപ ജനിച്ചു. അദ്ദേഹത്തിൻെറ പിതാവിൻെറ പേർ 'വിത്തൽദാസ് ലാൽജി തക്കർ' എന്നും അമ്മയുടെ പേർ 'മുലീബ' എന്നും ആയിരുന്നു.

'ലോഹണ'സമുദായത്തിലാണ് അദ്ദേഹം ജനിച്ചതു്. ലോഹണരിൽ 'ഗോഗരി', 'ഹലായ്', 'കച്ചി' എന്നിങ്ങിനെ മൂന്നു വിഭാഗമുള്ളതിൽ ഗോഗരി വിഭാഗത്തിൽ പെട്ടതായിരുന്നു അദ്ദേഹത്തിൻെറ കുടുംബം. ഒരു ഇടത്തരം കുടുംബമായിരുന്നു അതു്. അദ്ദേഹത്തിൻെറ പിതാവാണെങ്കിൽ പ്രതിമാസം 25ക. ശമ്പളത്തിൽ ഒരു സേട്ടുവിൻെറ പീടികയിൽ ഗുമസ്ഥനായിരുന്നു. എന്നിരുന്നാലും സമുദായത്തിൽ ആദരണീയനായ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. വല്ലഭസമ്പ്രദായപ്രകാരമുള്ള അവരുടെ ക്ഷേത്രത്തിനു 'ഹവേലി' എന്നാണു പറയുക. 'ഹവേലി'യിൽ പതിവായി പോയിരുന്ന ഒരു ഭക്തനായിരുന്നു ശ്രീ. വിത്തൽദാസ്. സ്വന്തം സമുദായത്തിനുവേണ്ടി വളരെയേറെ അദ്ദേഹം പ്രവർത്തിച്ചിരുന്നു. അവരുടെ കുട്ടികളുടെ

വിദ്യാഭ്യാസത്തിനുവേണ്ടി അദ്ദേഹം ഒരു ഫണ്ട് ശേഖരിച്ചു. അതിനുംപുറമെ 1862–ൽ ഭവനഗറിൽ ലോഹണ സമുദായത്തിൽപെട്ടവൎക്കുവേണ്ടി ഒരു ഹോസ്റ്റലും സ്ഥാപിച്ചു. ജീവിതത്തിൻെറ അവസാനഭാഗം മുഴുവൻ ശ്രീ. വിത്തൽദാസ് ഈ ഹോസ്റ്റലിനുവേണ്ടി ചിലവിട്ടു എന്നു പറഞ്ഞാൽ തെററില്ല.

തക്കർബാപ്പയുടെ വാക്കുകളിൽ പറയുകയാണെങ്കിൽ "അദ്ദേഹം പരോപകാരിയും, തുറന്ന മനസ്സോടുകൂടിയവനും, സത്യസന്ധനുമായ ഒരു മഹൽപുരുഷനായിരുന്നു."

ശ്രീ വിത്തൽദാസിന്, അമൃതലാലിനെ കൂടാതെ അഞ്ച് ആൺകുട്ടികളും ഒരു പെൺകുട്ടിയുമുണ്ടായിരുന്നു. കുടുംബസ്ഥിതി മോശമായിരുന്നതിനാൽ ശ്രീ വിത്തൽദാസിന് ഇംഗ്ലീഷ്‌വിദ്യാഭ്യാസം ലഭിക്കുകയുണ്ടായില്ല. എങ്കിലും കടം വാങ്ങിയെങ്കിലും സ്വന്തം കുട്ടികളെ ഉപരിവിദ്യാഭ്യാസത്തിന്നയക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. അക്കാലത്ത് ഒന്നോ രണ്ടോ മട്രിക്കുലേഷൻ പാസ്സായവരേ ആ സമുദായത്തിലുണ്ടായിരുന്നുള്ളു. അദ്ദേഹത്തിൻെറ പരിശ്രമഫലമായി ഒരു എൽ. സി. ഇ, ഒരു എൽ. എം. & എസ്സ്., ഒരു എം. ബി. ബി. എസ്സ്., രണ്ടു എം. എ. മാർ, രണ്ടു ബി. എ. ക്കാർ എല്ലാം ആ സമുദായത്തിൽ ഉണ്ടായി. അതിൽ ഏററവും അഭ്യസ്തവിദ്യരടങ്ങിയ കുടുംബം എന്ന ബഹുമതിയും തൻെറ കുടുംബത്തിനദ്ദേഹം നേടിക്കൊടുത്തു.

തക്കർബാപയുടെ അമ്മയായ 'മുലീബാ' വീട്ടിലെ എല്ലാ ജോലിയും നിർവ്വഹിച്ചുപോന്നു. മുടങ്ങാതെ അവരും ക്ഷേത്രത്തിൽ പോയിരുന്നു. വളരെ ഉദാരമായിരുന്നു അവരുടെ ഹൃദയം. നിഷ്കളങ്കയായ ഒരു മനസ്വിനിയായിരുന്നു അവർ.

'അമൃതലാലിന്റെ' പ്രൈമറിവിദ്യാഭ്യാസം അഞ്ചാം വയസ്സിൽ ആരംഭിച്ചു. കുട്ടിക്ക് സ്കൂളിൽ പോകുവാൻ വലിയ താല്പര്യമുണ്ടായിരുന്നില്ലത്രെ. പലപ്പോഴും അദ്ദേഹത്തിന്റെ പിതാവിനു പിടിച്ചുവലിച്ചു സ്കൂളിൽ കൊണ്ടുപോകേണ്ടിവന്നിരുന്നു. എന്നാൽ എലിമെന്ററി ക്ലാസുകൾ കഴിഞ്ഞതോടെ സ്ഥിതിഗതികൾ മാറി. പുസ്തകം വായനയിൽ പിന്നീടു താല്പര്യം പ്രദർശിപ്പിക്കുവാൻ തുടങ്ങി. ഹൈസ്കൂൾക്ലാസുകളായപ്പോഴേക്കും എല്ലാ വിഷയങ്ങളിലും കണക്കിൽ പ്രത്യേകിച്ചും, പുരോഗതി പ്രാപിച്ചുവന്നു. 1866-ൽ അദ്ദേഹം മട്രിക്കുലേഷൻ പരീക്ഷ ഒന്നാംക്ലാസിൽ പാസ്സായി. അങ്ങിനെ 'സർ ജസ്വന്തസിങ്ങ്ജി' സ്കോളർഷിപ്പുനേടുകയും ചെയ്തു.

അതോടുകൂടി എങ്ങിനെയാണ് ഈ കുടുംബസ്ഥിതിയുംവെച്ചു പഠിപ്പ് തുടരേണ്ടത് എന്നായി പിതാവിനു പ്രശ്നം. അമൃതലാലിന്റെ ജ്യേഷ്ഠനായ 'പരമാനന്ദനു' കോളേജ് പഠിപ്പു പകുതിക്കുവെച്ചു നിർത്തി പോരേണ്ടിവന്നിരുന്നു. എന്നാലും കടംവാങ്ങിയും അമൃതലാലിനെ പഠിപ്പിക്കണമെന്നു പിതാവു നിശ്ചയിച്ചു. സിവിൽ ഇഞ്ചി

നീയറിങ്ങിന്ന പഠിക്കുവാനായിരുന്നു അമൃതലാലിന്ന മോഹം. അതിനാൽ വിത്തൽദാസ് അദ്ദേഹത്തെ പൂനയിലെ സിവിൽ ഇഞ്ചിനീയറിങ്ങ് കോളേജിൽ ഒരുവിധം ചേത്തി. ഒരു വലിയ തുക കടമായും, 'മുലീബ'യുടെ പണ്ടങ്ങൾ പണയംവെച്ചും ഇതിന്നുവേണ്ട സംഖ്യ ഉണ്ടാക്കി. മൂന്നു കൊല്ലക്കാലം പൂനയിൽ താമസിച്ച് വളരെ കഷ്ടപ്പെട്ട് അദ്ദേഹം എൽ. സി. ഇ. ബിരുദം നേടി. ലോഹണസമുദായത്തിൽനിന്നു ഒന്നാമതായി ആ ബിരുദം നേടിയതു അദ്ദേഹമായിരുന്നു. ഈ വിദ്യാഭ്യാസകാലത്താണ് ജസ്റ്റീസ് മഹാദേവ് ഗോഗിന്ദറാനഡെ, ശ്രീ. ഗോപാലകൃഷ്ണ ഗോഖലെ മുതലായവരുമായി അദ്ദേഹം പരിചയപ്പെട്ടതു്.

ഒരു സ്കൂൾകുട്ടിയെന്ന നിലക്ക് അദ്ധ്യാനിച്ചു പഠിക്കുന്നവനും, സ്വന്തമായ സമ്പ്രദായങ്ങളോടുകൂടിയവനുമായിരുന്നുവത്രെ, ശ്രീ. അമൃതലാൽ. മററുകുട്ടികളുമായി വളരെയധികം അദ്ദേഹം കൂടിക്കലൎന്നിരുന്നില്ല. മറെറല്ലാവരും നടത്തം കഴിഞ്ഞു മടങ്ങുമ്പോഴാണത്രെ അദ്ദേഹം നടത്തത്തിന്നു പുറപ്പെടുക. മട്രിക്കുലേഷൻ ക്ലാസിലെ കുട്ടികൾ അക്കാലത്തു് തലയിൽ തലപ്പാവും കഴുത്തിൽ ഒരു ടവ്വലും കെട്ടിയാണത്രെ ക്ലാസിൽ പോകുക. അമൃതലാലും അതു് ആചരിച്ചിരുന്നു.

പൂനയിലെ കോളേജ് ജീവിതം സുഖമയമായാണ് കഴിഞ്ഞുകൂടിയതെന്നു് ഒരിടത്തു അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. 1890-ൽ അദ്ദേഹം വിദ്യാഭ്യാസത്തിന്ന വിരാമമിട്ടു.

## 2. കുടുംബജീവിതം.

അക്കാലത്തെ സമ്പ്രദായപ്രകാരം പതിനൊന്നു പന്ത്രണ്ടു വയസ്സുള്ളകാലത്തു അമൃതലാലിൻെറ വിവാഹം നടന്നു. ഭവനഗറിലെ ഒരു ദരിദ്രകുടുംബത്തിലെ 'ജീവകോർ' എന്ന ബാലികയായിരുന്നു വധു. എന്നാലും വിദ്യാസം കഴിഞ്ഞു ഉദ്യോഗജീവിതത്തിൽ പ്രവേശിച്ച ശേഷമെ അദ്ദേഹത്തിൻെറ ദാമ്പത്യജീവിതം ശരിക്കും ആരംഭിക്കുന്നുള്ളു. അന്നേക്കു 20 വയസ്സ തികഞ്ഞുകാണും. 1892–ൽ അദ്ദേഹത്തിനു ഒരു പുത്രൻ പിറന്നു. പക്ഷെ ആ ബാലൻ എട്ടൊമ്പതു വയസ്സു പ്രായമായപ്പോഴേക്കും പരലോകപ്രാപ്തനായി. പിന്നീട്ട് ഭാര്യ ക്ഷയരോഗബാധിതയായി. 'സാംഗലി' രാജ്യത്തു് സ്റ്റേററ് ഇൻജിനീയരായി ജോലിനോക്കിയിരുന്ന ഏതാണ്ടു രണ്ടുവൎഷമേ സുഖകരമായ ഒരു ദാമ്പത്യജീവിതം അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. അക്കാലത്തു 'ജീവ്കോലി'ൻെറ ആരോഗ്യം മികച്ചതായിരുന്നു. സാംഗലി വിട്ടു് ബോംബെ മുൻസിപ്പാലിററിയിൽ ജോലിയായി വന്നപ്പോഴേക്കും അവർ കിടപ്പിലായി. 1907–ൽ അവർ അന്തരിക്കുകയും ചെയ്തു.

പിതാവു് വീണ്ടും ഒരു വിവാഹത്തിനു് അദ്ദേഹത്തെ പ്രേരിപ്പിച്ചു വളരെ പ്രതീക്ഷകളോടെ 36–ാം വയസ്സിൽ വീണ്ടും അദ്ദേഹം ഒരു വിവാഹം കഴിച്ചു. ആ ദാമ്പത്യവും പതിനെട്ടുമാസമേ നീണ്ടുനിന്നുള്ളു. 'ദീവാലി' എന്ന രണ്ടാമത്തെ പത്നിയും സന്തതികളൊന്നുമില്ലാതെ മരിച്ചു.

ഇതൊന്നും തക്കർബാപയെ നിരാശനാക്കിയില്ല. പ്രത്യുത അദ്ദേഹത്തിൽ ഉറവെട്ടുത്തുകൊണ്ടിരുന്ന സേവന ജീവിതത്തിന്ന് പ്രേരണയാകുകയാണുണ്ടായത്. ഒരിടത്ത് അദ്ദേഹം പ്രസ്താവിച്ചുകാണുന്നു :—

"ഭാര്യയും കുട്ടികളുമില്ലാത്ത വ്യസനം എന്നെ തീണ്ടിയിട്ടില്ല. ആ ജീവിതം വിട്ട് ദേശസേവനത്തിൽ മുഴുകാൻ എൻെറ മനസ്സിനു പ്രേരണ നൽകുകയാണതുണ്ടായത്. ഇത് ഈശ്വരനിശ്ചയമായി ഞാൻ കരുതുന്നു".

ഇതരകുടുംബങ്ങളോടൊപ്പമാണ് മരണപര്യന്തം അദ്ദേഹം ജീവിച്ചത്. പക്ഷെ, തികച്ചും അനാസക്ത ഭാവത്തോടെ !

## 3. ഉദ്യോഗജീവിതം

1890–ൽ കോളേജ്ബിരുദം സമ്പാദിച്ച് അമൃതലാൽ മടങ്ങിവന്നപ്പോൾ അധ:പതിച്ചുകഴിഞ്ഞ കുടുംബത്തിലെ ധനസ്ഥിതിയുടെനേരെ അദ്ദേഹത്തിൻെറ ശ്രദ്ധ പതിഞ്ഞു. അമൃതലാലിൻെറ വിദ്യാഭ്യാസം തുടരുവാൻ വേണ്ടിതന്നെ ജ്യേഷ്ഠൻ എഫ്. എ. മുഴുമിക്കാതെ നാട്ടിൽ മടങ്ങി ട്യൂഷൻ എടുത്തു സമ്പാദ്യമുണ്ടാക്കുകയായിരുന്നു. അമ്മയായ 'മുലീബ'യുടെ പണയംവെച്ച പണ്ടങ്ങളിൽ ചിലതു വിററും കഴിഞ്ഞിരുന്നു.

അതിനാൽ ഏതെങ്കിലും ഒരു ജോലിയിൽ ഉടനെ പ്രവേശിക്കാൻ അദ്ദേഹം ഉത്സുകനായി. ഷോലാപ്പൂർ

ജില്ലയിൽ 'ബാർസീ'ലൈററ് റെയിൽവെ നിർമ്മിക്കുന്ന കാലമായിരുന്നു അതു്. 75ക. ശമ്പളത്തിൽ അവിടെ ഒരു ഓവർസീയറായി അദ്ദേഹം ചേൎന്നു. ഒരു കൊല്ലത്തോളം അവിടെ ജോലിചെയ്തപ്പോഴേക്കും ബി. ജി. ജെ. പി. എന്ന കത്തിയവാർ റെയിൽവെയിൽ ഒരു അസിസ്റ്റാൻറു് ഇഞ്ചിനീയറുടെ ജോലി കിട്ടി. 175ക. ശമ്പളമുണ്ടായിരുന്നു; കൂടുതൽ വീടിനടുത്തും ആയിരുന്നു.

കത്തിയവാർ ബി ജി. ജെ പി. പുതിയ റെയിൽവെ ലൈനുകൾ ഇടുന്ന കാലമായിരുന്നു അതു്. ഇവയിൽ പലതും വയലുകളുടെ നടുക്കുകൂടിയും മററുമായിരുന്നു പോയിരുന്നതു്. ചെറിയ തുകകളേ പ്രതിഫലമായി വയലുടമകൾക്കു് കിട്ടിയിരുന്നുള്ളു. ഒരു ദിവസം ചില വയലുടമകൾ സാമാന്യം വലിയ ഒരു തുകയുമായി ഇഞ്ചിനീയർ അമൃതലാലിനെ സമീപിച്ചു. അവരുടെ വയലുകളെ ഖണ്ഡംഖണ്ഡമാക്കാത്ത തരത്തിൽ പുതിയ ലൈനുകൾ ആസൂത്രണം ചെയ്യണമെന്നപേക്ഷിച്ചു. സാധാരണ പരിതഃസ്ഥിതിയിലുള്ള ഒരാളെ ആകർഷിക്കുവാൻ പററിയതായിരുന്നു തുക. അതു നിരസിക്കുവാനും, ആ സന്ദർശകരെ ഉടനെ പിരിച്ചയക്കുവാനും അമൃതലാലിന് അല്പംപോലും ആലോചിക്കേണ്ടിവന്നില്ല.

അമൃതലാലിന് ഇതെല്ലാം എളുപ്പമായിരുന്നു. പക്ഷെ ഇതുതന്നെ ഈ വക കാര്യങ്ങളിൽ നിഷ്കൎഷയില്ലാത്ത മേലധികാരികളുമായി തുടൎന്നുപോകുക പിന്നീട് അദ്ദേഹത്തിന് ദുസ്സാധമായി. ഒരു റെയിൽവെ കെട്ടിടം പണിയുന്ന

കാര്യത്തിൽ അദ്ദേഹവും മേലധികാരിയുമായി അഭിപ്രായ വ്യത്യാസമുണ്ടായി. ഒരു ഇഞ്ചിനീയറെന്ന നിലയിൽ കെട്ടിടത്തിൻെറ പണിയുടെ വിദഗ്ദ്ധൻ താനാണെന്നും അതിൽ കയ്യിടുന്നതു് ശരിയല്ലെന്നും അദ്ദേഹം വാദിച്ചു. താൻ പറയുന്ന വിധത്തിൽ പണിയണമെന്നു് മേലധികാരിയും. ഒടുവിൽ ധൈര്യസമേതം അമൃതലാൽ രാജി കൊടുത്തു.

പിന്നീടു് 'വധ്വാൻ' എന്ന നാട്ടുരാജ്യത്തിലെ ചീഫ് എഞ്ചിനീയറായി അദ്ദേഹം ജോലിയിൽ പ്രവേശിച്ചു. അദ്ദേഹത്തിൻെറ ജ്യേഷ്ഠൻ മുമ്പേതന്നെ സ്കൂൾമാസ്റ്ററായി അവിടെ ഉണ്ടായിരുന്നു. രണ്ടോ മൂന്നോ കൊല്ലത്തിന് കുടുംബം മുഴുവൻ വധ്വാനിലേക്ക് താമസം മാററി.

ഇവിടേയും പ്രലോഭനങ്ങളിൽനിന്നു വിമുക്തനായി അദ്ദേഹം സ്വകൃത്യം നിർവ്വഹിച്ചു. തൽഫലമായി അദ്ദേഹത്തിൻെറ സൽസ്വഭാവത്തിൻെറ പരിമളം നാനാസ്ഥലത്തും വ്യാപിച്ചു.

ഒരു ക്ലിപ്തകാലത്തേക്കായിരുന്നു വധ്വാനിലെ ജോലി. അതു് കഴിഞ്ഞ ഉടനെ അദ്ദേഹം ഗാന്ധിജിയുടെ ജന്മദേശമായ പോർബന്തറിൽ അഞ്ചുകൊല്ലക്കാലത്തേക്ക് (1899–വരെ) ചീഫ് എഞ്ചിനീയരായി നിയമിക്കപ്പെട്ടു. 200ക.യായിരുന്നു രണ്ടു സ്ഥലത്തും ശമ്പളം കിട്ടിയിരുന്നതു്.

ഇനി എന്തു് എന്നായി. കിഴക്കെ ആഫ്രിക്കയിൽ ഉഗണ്ട റെയിൽവെ പണിയുന്ന കാലമായിരുന്നു. അതി

ൻെറ കൺട്രാക്റ്റർമാർ മൂന്നുകൊല്ലക്കാലത്തേക്കു 300ക. വീതം മാസംശമ്പളത്തിൽ ഇഞ്ചിനീയർമാരെ വേണമെന്നു പരസ്യപ്പെടുത്തിയിരുന്നു. അമൃതലാൽ ഇതിലൊന്നിനു പേക്ഷിച്ചു: കിട്ടുകയും ചെയ്തു.

വളരെ വൈമനസ്യത്തോടെയാണ് അമൃതലാലിനെ പോകാൻ കുടുംബം അനുവദിച്ചതു്. പോർബന്തർ, വീരവൽ തുടങ്ങിയ ഭാഗത്തുനിന്നു ലോഹണസമുദായത്തിൽ പെട്ടവർതന്നെ ധാരാളം ആഫ്രിക്കയിലുണ്ടായിരുന്നു. എന്നാലും ഭവനഗർ ഭാഗത്തുനിന്നു ആരും പോയിരുന്നില്ല. അവിടത്തെ ചിലവുകഴിഞ്ഞാൽ മാസം നൂറുറുപ്പികയെങ്കിലും കുടുംബത്തിന്നയക്കാമെന്നു അദ്ദേഹം കരുതി. അതു് അന്നത്തെനിലയ്ക്കു് കുടുംബച്ചിലവിനു ധാരാളമായിരുന്നു.

അങ്ങിനെ അദ്ദേഹം ആഫ്രിക്കയിലേക്കു പുറപ്പെട്ടു. അന്നു അദ്ദേഹത്തിൻെറ കുടുംബം വളരെ യാഥാസ്ഥിതികമായിരുന്നു. വൈഷ്ണവരുമായിരുന്നു. അതിനാൽ 35ക. ശമ്പളത്തിൽ ഒരു ബ്രാഹ്മണനെ തൻെറ പാചകവേലക്കു ഒപ്പം കൂട്ടി.

ആഫ്രിക്കയിൽനിന്നു പതിനഞ്ചുദിവസം കൂടുമ്പോൾ ഓരോ കത്തു അദ്ദേഹം ഗൃഹത്തിലേക്കയച്ചിരുന്നു. ഓരോ കത്തിലും 'ജീവ്കോറിനും' ഒരു കത്തുണ്ടാകും. ആഫ്രിക്കയിലെ ജനങ്ങളേയും ജീവിതത്തേയും പററി കത്തുകളിൽ ധാരാളമായി പ്രതിപാദിച്ചിരുന്നു.

അദ്ദേഹം ആഫ്രിക്കയിലുള്ള കാലത്താണ് 1899–1900-ത്തിലെ ഭയങ്കരക്ഷാമം ഇന്ത്യയിലുണ്ടായതു്. അമൃതലാലിൻെറ പിതാവായ വിത്തൽദാസ്താക്കർ ലോഹണസമുദായത്തിൻെറ ഒരു 'പഞ്ചായത്തു്' ഏർപ്പെടുത്തിയിരുന്നു. പഞ്ചായത്തിലെ പ്രധാനിയും അദ്ദേഹമായിരുന്നു. ഈ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ വിത്തൽദാസ് ഒരു സൌജന്യ ഭക്ഷണശാല ഉടനെ ആരംഭിച്ചു. അടുത്ത ഭാഗങ്ങളിൽനിന്നെല്ലാം ആളുകൾ ഭവനഗറിൽ അഭയം തേടിയിരുന്നു. എല്ലാവക്കും ഒരു നേരത്തെ ഭക്ഷണം ഈ ദുരിതനിവാരണകേന്ദ്രത്തിൽനിന്നു നല്കിയിരുന്നു. ശ്രീ. വിത്തൽദാസ് വളരെ അദ്ധ്വാനിച്ചു കേന്ദ്രത്തിനുവേണ്ടി പണം പിരിച്ചു. 400 മുതൽ 500വരെ ആളുകൾക്കു ഓരോ ദിവസവും അവിടെനിന്നു ഭക്ഷണം നല്കിയിരുന്നു. അവസാനത്തെ ആളും ഭക്ഷണം കഴിഞ്ഞു പിരിയുന്നതുവരെ വിത്തൽദാസ് കേന്ദ്രത്തിലുണ്ടാകും. പിന്നീട് ഗൃഹത്തിലേക്കു മടങ്ങും. അവിടേയും അമ്പതും അറുപതും പേർ കാത്തുനില്പുണ്ടാകും. അവക്കും റൊട്ടിയോ മറേറാ ഗൃഹത്തിൽനിന്നു വാങ്ങി അദ്ദേഹംതന്നെ സ്വന്തം കൈകൊണ്ടു് കൊടുക്കും. ഇതെല്ലാം കഴിഞ്ഞേ അദ്ദേഹം ഭക്ഷണം കഴിച്ചിരുന്നുള്ളു.

ഭക്ഷണം കഴിഞ്ഞാൽ വീണ്ടും കേന്ദ്രത്തിലേക്ക് പോകുകയായി, പിറെറ ദിവസത്തേക്കുള്ള ഏർപ്പാടുചെയ്യുവാൻ.

ഈരണ്ടാഴ്ച കൂടുമ്പോൾ വിത്തൽദാസ് അമൃതലാലിനു കത്തയച്ചിരുന്നു. രാജ്യത്തു നേരിട്ട ക്ഷാമത്തെപ്പ

ററിയും, അദ്ദേഹം ചെയ്തിരുന്ന ദുരിതനിവാരണ പ്രവൎത്തനത്തെപ്പററിയുമെല്ലാം അദ്ദേഹം അതിൽ വിസ്തരിച്ചു എഴുതിയിരുന്നു. ഇതെല്ലാം കേട്ടു ആവേശഭരിതനായി അച്ഛനെ പ്രോത്സാഹിപ്പിച്ചുകൊണ്ടു് അദ്ദേഹം മറുപടിയുമെഴുതും.

ഇത്തരം പ്രവൎത്തനമാണു് തൻെറ ഒന്നാമത്തെ ഗുരുവായി പിതാവിനെ കണക്കാക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. നാലുപേരാണു് തൻെറ ഗുരുനാഥന്മാരെന്നു് തക്കർബാപ്പ പറയാറുണ്ടായിരുന്നു. ഒന്നു് പിതാവു്, രണ്ടു് മിസ്റ്റർ സിന്ധ്യ, മൂന്നു് പ്രൊ: കാർവെ, നാലു് ശ്രീ. ജി. കെ. ദേവധർ.

മൂന്നു വൎഷത്തിനുശേഷം അദ്ദേഹം ആഫ്രിക്കയിൽനിന്നു മടങ്ങി. അപ്പോഴും ബന്ധുജനങ്ങൾക്കുണ്ടായ ആഹ്ലാദത്തിനു അതിരുണ്ടായിരുന്നില്ല.

ഇത്തവണ സ്വദേശമായ സാംഹലിയിൽത്തന്നെ അദ്ദേഹത്തിനു ജോലികിട്ടി. അദ്ദേഹത്തിൻെറ ഒരു ഉത്തമസുഹൃത്തായ ഡാക്ടർ എച്ച്. എസ്. ദേവും ഇവിടെ ചീഫ് മെഡിക്കൽ ആഫീസറായി ഉണ്ടായിരുന്നു. പോർബന്തറിൽവെച്ചു് ഡാക്ടർ ദേവുമായി അദ്ദേഹം പരിചയപ്പെട്ടിരുന്നു. ആ പരിചയം വളൎന്നു ഉത്തമസൌഹൃദമായി. പിന്നീട് രണ്ടുപേരും ഭാരതസേവാസംഘത്തിൽ ചേൎന്നു് ആ സാഹോദര്യം നിലനിൎത്തുകയും ചെയ്തു.

ഒരു കൊല്ലത്തോളം സാംഗ്ലിയിൽ ജോലിചെയ്തശേഷം അദ്ദേഹം ബോംബേ മുൻസിപ്പാലിററിയിൽ ജോലി സ്വീ

കരിച്ചു. 100ക. ശമ്പളമായിരുന്നു. ബോംബേ മുൻസിപ്പാലിററിയിലെ മുഴുവൻ ചപ്പുചവറുകളും കുർളാ ഭാഗത്താണു് അന്നു വണ്ടികളു കൊണ്ടുവന്നു നിക്ഷേപിച്ചിരുന്നതു്. ജി. ഐ. പി. യിലെ ചാംബുർ ലൈൻ ലൈററ് റെയിൽവെയിലൂടെയാണു് അതെല്ലാം കൊണ്ടുവന്നു നിക്ഷേപിച്ചിരുന്നതു്. കുർളയിൽ അതെല്ലാം വണ്ടിയിൽനിന്നിറക്കി, അതിന്നായി കുഴിച്ച കുഴികളിലിട്ടു മൂടുകയായിരുന്നു പതിവു്. മുൻസിപ്പാൽ തോട്ടികളാണു് അതു ചെയ്തിരുന്നതു്. ഈ ലൈററ് റെയിൽവെ പരിശോധിക്കുകയായിരുന്നു അദ്ദേഹത്തിൻെറ ജോലി. ഇവിടെവെച്ചാണു് ഭംഗികളുമായി അടുത്തു പരിചയപ്പെടുന്നതിനു അദ്ദേഹത്തിനവസരം ലഭിച്ചതു്. നരകതുല്യമായ അവരുടെ ചേരികൾ ഇവിടെവെച്ചദ്ദേഹം കണ്ടു. അദ്ദേഹത്തിൻെറ ജീവിതത്തിൽ മഹത്തായ ഒരു പരിവത്തനത്തിന് അവ വിത്തുപാകി. അടിച്ചമത്തപ്പെട്ടവരുടെ ജീവിതത്തോടുള്ള അപാരമായ സഹാനുഭൂതി അദ്ദേഹത്തിലുണ്ടായി.

ഭംഗികളിലധികവും ഗുജറാത്തിൽനിന്നും കത്തിയവാറിൽനിന്നും വന്നവരായിരുന്നു. ജോലി കിട്ടുവാൻവേണ്ടി വലിയ സംഖ്യ കൈക്കൂലി കൊടുക്കേണ്ടിവരുന്നു. ഈ പണം പത്താൻകാരാണു് കടമായി നല്കിയിരുന്നതു്. അന്യായമായ പലിശയും അതിനു അവർ വസൂൽചെയ്തിരുന്നു. അതിനാൽ കൊല്ലങ്ങളോളം പണിചെയ്താലും ഈ കടത്തിൽനിന്നു അവക്കു് മോചനം ലഭിച്ചിരുന്നില്ല.

ഏതാണ്ടിക്കാലത്താണ് ശ്രീ ഗോപാലകൃഷ്ണഗോഖലെ ഭാരതസേവാസംഘവും ശ്രീ വി. ആർ. ഷിണ്ടെ അധഃകൃതോദ്ധാരണസംഘവും (Depressed Classes Mission) സ്ഥാപിച്ചതു്. ശ്രീ. വിത്തൽരാംജീ സിന്ധ്യയുമായി അദ്ദേഹം പരിചയപ്പെട്ടു. അദ്ദേഹവുമായി ബന്ധംവെക്കുകയും ആ പ്രവത്തനം പഠിക്കുകയും ചെയ്തു. അന്ത്യജരുടെ സേവനത്തിനുള്ള പ്രചോദനം ശ്രീ. സിന്ധ്യയിൽനിന്നാണ് അദ്ദേഹത്തിനു കിട്ടിയതു്. അദ്ദേഹത്തിൻെറ നാലു ഗുരുനാഥന്മാരിൽ രണ്ടാമത്തെ ആളാണല്ലോ ശ്രീ. സിന്ധ്യ.

'കുർള'യിൽ ഒരു കൊല്ലം ജോലി ചെയ്തപ്പോഴേക്കും അദ്ദേഹത്തിൻെറ പ്രാപ്തി അധികൃതന്മാക്ക് ബോധ്യപ്പെട്ടു. പിന്നീടദ്ദേഹത്തെ റോഡ്സ് ഡിപ്പാർട്ടുമെൻറിലേക്കെടുത്തു. അവിടെനിന്നു് അടുത്തകൊല്ലം ബോംബെ മുൻസിപ്പാലിററിയിലെ എല്ലാ റോഡുകളുടേയും സൂപ്രണ്ടായി അദ്ദേഹം നിയമിക്കപ്പെട്ടു. മാസം 300ക. ശമ്പളവും 60ക. കാർ അലവൻസും അന്നു കിട്ടിയിരുന്നു. കുർളയിൽനിന്നു താമസം ബോംബെയിലാക്കിക്കഴിഞ്ഞിരുന്നു.

ഇതുവരെയും അദ്ദേഹത്തിൻെറ ഭാര്യ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ഇവിടെവെച്ചു രോഗം മൂർദ്ധന്യത്തിലെത്തിയതിനാൽ ഭവനഗറിലേക്കു മാററപ്പെട്ടു. അവിടെവെച്ചു 1907-ൽ അവർ മരിച്ചുവെന്നു പറഞ്ഞുവല്ലോ.

ദുഃഖിതരും അധഃപതിച്ചവരുമായവരുടെ സേവനത്തിന് അദ്ദേഹത്തിൻെറ ഹൃദയം വെമ്പി. വൃദ്ധനായ

പിതാവിന് ഉദ്യോഗം രാജിവെച്ച് മുഴുവൻ സമയവും പതിതരുടെ സേവനത്തിനു ചിലവഴിക്കുവാൻ സമ്മതമാവശ്യപ്പെട്ടുകൊണ്ടു് അദ്ദേഹം എഴുതി. അതിനു കിട്ടിയ മറുപടി ഇതായിരുന്നു :—

"ഞാൻ മരിക്കുന്നതുവരെ വേണ്ട; അതിനിനി അധികം താമസമില്ലല്ലോ."

പിതൃഭക്തനായ അമൃതലാലിന് തല്ക്കാലം ആ ആഗ്രഹം നിർത്തിവെക്കേണ്ടിവന്നു. എന്നാലും ജോലി കഴിഞ്ഞു കിട്ടുന്ന സമയമെല്ലാം ഭാരതസേവാസംഘം ബോംബെ ആപ്പീസിൽ അദ്ദേഹം കഴിച്ചുകൂട്ടി.

രണ്ടാമത്തെ ഭാര്യയുടെ മരണശേഷം ബോംബെയിൽ അദ്ദേഹം കനിഷ്ഠസഹോദരനായ നാരായൺജിയോടും, ഇതിനകം അന്തരിച്ച അനുജൻെറ വിധവയോടുംകൂടിയാണ് താമസിച്ചിരുന്നതു്. നാരായൺജി ഒരു അദ്ധ്യാപകനായിരുന്നു. 300ക. മാസംപ്രതി കിട്ടിയിരുന്നതിൽനിന്നും 150ക.യും തക്കർബാപ മാസംപ്രതി കൃത്യമായി പലേ സ്ഥാപനങ്ങൾക്കും സംഭാവനയായി അയച്ചുകൊടുത്തിരുന്നു. മാസത്തിലെ ആദ്യത്തെ അഞ്ചു ദിവസത്തിനുള്ളിൽ അതു് അയച്ചുതീർക്കേണ്ടതു് നാരായൺജിയുടെ ചുമതലയായിരുന്നു. ബാക്കിയായ 150ക.യും, നാരായൺജിയുടെ സമ്പാദ്യവുംകൊണ്ടാണ് കുടുംബച്ചിലവുകൾ നടത്തേണ്ടിയിരുന്നതു്.

പൂനയിൽ ഒരു 'വിധവാമന്ദിരം' സ്ഥാപിച്ച് അതിൻെറ പ്രവൎത്തനത്തിലേൎപ്പെട്ടിരുന്ന പ്രഫസർ കാർവെയുമായും അദ്ദേഹം ഇക്കാലത്തു ബന്ധംവെച്ചു. അദ്ദേഹത്തിൻെറ മൂന്നാമത്തെ ഗുരുവാണല്ലോ പ്രൃ: കാർവെ.

1912-ൽ തക്കർബാപയുടെ പിതാവു് അദ്ദേഹത്തോടൊപ്പം താമസിക്കാൻ ബോംബയിൽ വന്നു. നിരന്തരമായ സാമുദായികപ്രവൎത്തനം ലോഹണസമുദായത്തിൽ ബോംബെയിലും അദ്ദേഹത്തിന്ന് ധാരാളം സുഹൃത്തുക്കളെ നേടിക്കൊടുത്തിരുന്നു. അതിന്നുംപുറമെ വിശ്രമവും അദ്ദേഹമൎഹിച്ചിരുന്നു. നിൎഭാഗ്യവശാൽ, താമസിയാതെ അദ്ദേഹത്തിന്ന പക്ഷവാതം പിടിപെട്ടു സംസാരിക്കാൻ കൂടി കഴിയാതായി. ഒരു യഥാൎത്ഥപുത്രൻെറ കടമ ഇക്കാലത്തു ശ്രീ തക്കർബാബ നിൎവ്വഹിച്ചു. വളരെ ഭക്തിയോടെ അദ്ദേഹത്തെ ശുശ്രൂഷിച്ചുപോന്നു. 1913-ൽ ബോംബെയിൽവെച്ചു പിതാവു മരിച്ചു. അതോടെ കുഡുംബത്തോട് അദ്ദേഹത്തെ ബന്ധിച്ചിരുന്ന അവസാനത്തെ കണ്ണിയും അററുവീണു.

1913 അവസാനത്തോടെ എല്ലാ ഒരുക്കങ്ങളും തയ്യാറായി. നാരായൺജിയെ സ്വന്തം കാൎയ്യം നോക്കാൻ വിട്ടു. അനുജൻെറ വിധവയെ 'വനിതാവിശ്രാമി'ലാക്കി എല്ലാ കണക്കുകളും തീൎത്ത് 1914 ജനവരിയിൽ ഉദ്യോഗം രാജികൊടുത്തു. മുൻസിപ്പാൽ കമ്മീഷണർ പലേ പ്രലോഭനങ്ങളും കാട്ടിനോക്കി. പക്ഷെ രാഷ്ട്രത്തിൻെറ

വിളി ശക്തിയേറിയതായിരുന്നു. അന്തഃപ്രചോദനത്തെ ചിരകാലം അടക്കിനിർത്താൻ സാദ്ധ്യമായിരുന്നില്ല.

1914 ജനവരി 25-ാംനു- എല്ലാ കുടുംബബന്ധങ്ങളേയും വിഛേദിച്ചുകൊണ്ടു് ചരിത്രപ്രധാനമായ ഒരു കത്ത് സഹോദരന്മാൎക്ക് അദ്ദേഹമെഴുതി. 1914 ഫെബ്രുവരിയിൽ ഭാരതസേവാസംഘം ബോംബെ കാൎയ്യാലയത്തിൽ സേവനത്തിന്നു് അദ്ദേഹം ഹാജരായി.

## 4. പൊതുജീവിതം.

ഡാക്ടർ എച്ച്. എസ്. ദേവ് ആയിരുന്നു ഭാരതസേവാസംഘത്തിൽ ചേരുവാനുള്ള തക്കർബാപ്പയുടെ അപേക്ഷ ശ്രീ. ഗോഖലേക്കു അയച്ചുകൊടുത്തതു്. അതു് കിട്ടിയപ്പോൾ അദ്ദേഹത്തിൻെറ സന്തോഷത്തിനു അതിരുണ്ടായിരുന്നില്ല. ഒരു നല്ല രത്നപരിശോധകനായിരുന്നു അദ്ദേഹം. കൈരക്കല്ലു കയ്യിൽ കിട്ടിയപ്പോൾ അദ്ദേഹമതു തിരിച്ചറിഞ്ഞു. സാധാരണ നിലയിൽ ഇത്രയും പ്രായമെത്തിയ (45 വയസ്സ്) ആളുകളെ എടുത്തിരുന്നില്ല. യുവാക്കന്മാരെയായിരുന്നു എടുത്തിരുന്നതു്. അതിനാൽ സ്വാഭാവികമായും റൈററ് ഓണറബ്ൾ ശ്രീനിവാസശാസ്ത്രിയെപ്പോലെ തക്കർബാപ്പയെ അന്നു പരിചയമില്ലാത്തവൎക്ക് മനസ്സിലല്പം സംശയമുണ്ടായി. അപേക്ഷകൾ ആലോചിച്ചിരുന്ന കൌൺസിൽയോഗത്തിന്നു് ശാസ്ത്രികൾ ഹാജരായിരുന്നതുമില്ല. ശ്രീ. ഗോഖലേ ശാസ്ത്രികളുടെ സംശയനിവാരണത്തിന്നു് എഴുതുകയാണു് :—

"........സൊസൈററിയുടെ പേരിനെ യഥാൎത്ഥത്തിൽ കെട്ടിയുയൎത്തുക ശ്രീ. തക്കറിനെപ്പോലെയുള്ളവരായിരിക്കും. അദ്ദേഹം കാൎയ്യപ്രാപ്തനും, ഉത്സാഹിയും, ആവേശംനിറഞ്ഞവനും ആണെന്നതിനുപുറമെ, ഉന്നതാശയനും, നിസ്വാൎത്ഥിയും, ആത്മാൎത്ഥതയുള്ളവനും കൂടിയാണ്."

അങ്ങിനെ 1914 ഫെബ്രുവരി 6-ാംനു-ത്തെ കൌൺസിൽയോഗത്തിൽവെച്ച് അദ്ദേഹത്തെ വഴിപോലെ അംഗമാക്കി.

1914 ജനുവരി 25-ാംനു- തന്റെ സഹോദരന്മാൎക്കെഴുതിയ ചരിത്രപ്രധാനമായ കത്തിൽ അദ്ദേഹം പറഞ്ഞിരിക്കയാണ്:—

"ഭാരതത്തിന് ഇന്ന് നിഷ്ഠയോടെ മുഴുവൻ സമയവും രാജ്യസേവനം ചെയ്യാൻ തയ്യാറുള്ള പ്രവൎത്തകരെ വേണം. ഒഴിവുപോലെയും, അവസരം കിട്ടുമ്പോഴും എന്തെങ്കിലും ചെയ്യുന്നവർ പോരാ. ഇത്തരം പ്രവൎത്തകരെ കിട്ടാത്ത കാലത്തോളം ശരിയായ പുരോഗതി കൈവരുത്തുകയും സാദ്ധ്യമല്ല. നല്ല സേവനം ചെയ്യുന്നവൎക്ക് ചില വഴിക്കാൻമാത്രം പണമുണ്ട്. മിസ്റ്റർ ഗോഖലേക്ക് ലക്ഷക്കണക്കിന് ഉറുപ്പിക പിരിക്കുവാൻ കഴിവുണ്ട്: പക്ഷെ രാജ്യസേവനവ്രതമെടുത്ത ചെറുപ്പക്കാരെ കിട്ടുന്നില്ല. അതിനാൽ ആ സേവനത്തിന് ഞാൻ എന്നെത്തന്നെ അൎപ്പിക്കുന്നതിൽ ഞാനൊരു തെററുചെയ്യുകയാണെങ്കിൽ, ഒരു മഹത്തായ ലക്ഷ്യത്തിനുവേണ്ടിയും മികച്ച സദ്ദേശ

ത്തോടുകൂടിയും ആണ് ഞാനതു് ചെയ്യുന്നതു്............
............ഇതാ എൻെറ മനോവ്യഥ അവസാനിക്കുക
യാണ്. ജീവിതത്തിൽ എല്ലാ വിരഹവും വേദനാജനക
മാണ്. എന്നാൽ ഞാൻ നിങ്ങളെയെല്ലാം വിട്ടുപോകു
ന്നതു് ശ്രേഷ്ഠമായ ഒരു കാര്യത്തിനാണ്. അതിനാൽ
നിങ്ങളുടെ അനുഗ്രഹങ്ങളോടെയാണ് പോകുന്നതെന്നു്
ആശിക്കട്ടെ."

ഭാരതസേവാസംഘത്തിൽ, ശ്രീ. ഗോഖലേയാൽ സേ
വനദീക്ഷ നല്കപ്പെട്ട ശ്രീ. തക്കർബാപ ശ്രീ. ദേവധാറുടെ
കീഴിൽ—അദ്ദേഹമാണല്ലോ നാലാമത്തെ ഗുരു—വിവിധ
സേവനമാർഗ്ഗങ്ങളിൽ ശിക്ഷണം നേടി. അഞ്ചുകൊല്ല
ത്തോളം അദ്ദേഹം ബോംബയിൽതന്നെയായിരുന്നു.

1914-ൽ മധുരയിൽ ക്ഷാമം ബാധിച്ചപ്പോൾ അ
വിടെ ദുരിതനിവാരണപ്രവർത്തനത്തിന് സൊസൈററി
അദ്ദേഹത്തെ നിയോഗിച്ചു. ഈ പ്രവൃത്തി വളരെ ചിട്ട
യിൽ ഭംഗിയായി അദ്ദേഹം നിർവ്വഹിച്ചു. പിന്നീടു് ക്ഷാ
മബാധയുള്ളേടത്തെല്ലാം ദുരിതനിവാരണപ്രവൃത്തിക്ക് അ
ദ്ദേഹം നിയോഗിക്കപ്പെട്ടു. അനുകരണീയമാംവിധം
ആ പ്രവർത്തനം അദ്ദേഹം നിർവ്വഹിച്ചിരുന്നു. 1916-ൽ
കച്ച്‌രാജ്യത്തു് ക്ഷാമപീഡയുണ്ടായപ്പോഴും അദ്ദേഹമാ
ണ് അവിടെ ദുരിതനിവാരണപ്രവർത്തനം സംഘടിപ്പി
ച്ചതു്. ഗുജറാത്തിലെ പഞ്ചമഹാൾ ജില്ലയിൽ രണ്ടുതവ
ണ ക്ഷാമബാധയുണ്ടായപ്പോഴും അദ്ദേഹം അവിടെ എത്തി.

അവിടെ വെച്ചാണ് അസ്ഥിമാത്രശേഷരായ ഭീലരുമായി സമ്പർക്കം പുലർത്താനിടയായതു്. ഇതിൻെറ ഫലമായാണ് പിന്നീട് ഭീൽസേവാമണ്ഡലം സ്ഥാപിതമാവാനിടവന്നതു്. പിന്നീട് ആ മണ്ഡലത്തിൻെറ ഒരു പ്രമുഖപ്രവത്തകനായിത്തീന്ന ശ്രീ. സുഖദേവ്ജിയോടൊപ്പം ഉണക്കറൊട്ടിയും വെള്ളവും ഭക്ഷിച്ചും, കാളവണ്ടിയിലും പലപ്പോഴും കാൽനടയായും മാത്രം യാത്രചെയ്തും ദാഹോദ്—ഝാലോദിലെ അനേകഗ്രാമങ്ങൾ അദ്ദേഹം സന്ദശിച്ചു. രാവും പകലും ക്ഷാമനിവാരണ പ്രവത്തനം ചെയ്തു. ഗുജറാത്തിലെ കോളേജ്കുട്ടികളുടെ സഹായംകൂടി ഇതിൽ അദ്ദേഹം സമ്പാദിച്ചു. ഭീലരുടെ ആവാസകേന്ദ്രങ്ങളിൽ കന്നുകാലികേമ്പുകളും ആദായവിലഷാപ്പുകളും അദ്ദേഹം തുറന്നു.

ക്ഷാമപീഡിതരായ ഭീലരേക്കാളും മൂകരായ മൃഗങ്ങളായിരുന്നിരിക്കണം സാക്ഷാൽ ജഗദീശനാൽ അയക്കപ്പെട്ട ഈ അസാധാരണ മനുഷ്യനിൽ ആശീർവ്വാദങ്ങൾ ചൊരിഞ്ഞിരിക്കുക!

ഇതിനിടയിൽ പരസ്പരസഹായസംഘങ്ങൾ ഏപ്പെടുത്തുന്നതിലും അദ്ദേഹം പരിശ്രമിച്ചു. ബോംബെ മുൻസിപ്പാലിററിയിൽ ജോലിചെയ്യുന്ന ഭംഗികളുടെ ഋണബാധയെ വിവരിക്കുന്ന ഒരു സ്ഥിതിവിവരണക്കണക്ക് അദ്ദേഹം ശേഖരിച്ചു. അങ്ങിനെ ഉത്തമർണ്ണർ അവരുടെ മുതലിന് എത്ര അന്യായമായ പലിശയാണ് വസൂൽചെയ്യുന്നതെന്ന് അദ്ദേഹം വെളിക്ക് കൊണ്ടുവന്നു. അവരെ അദ്ദേഹം ഋണവിമുക്തരാക്കി. ഇപ്രകാരം പല സംസ്ഥാ

നങ്ങളിലും സഞ്ചരിച്ച് ഹരിജനങ്ങളെ കടത്തിൽനിന്നു വിമോചിപ്പിക്കുന്ന പ്രവൃത്തിയിൽ അദ്ദേഹം മുഴുകി. തോട്ടികളെ അധികാരികൾക്ക് കൈക്കൂലി കൊടുക്കുന്നതിൽ നിന്നും അദ്ദേഹം വിലക്കി. ഇങ്ങിനെ ആദിവാസികളുടേയും മററു അയിത്തജാതിക്കാരുടേയും സേവനം ആദ്യം മുതല്ക്കേ അദ്ദേഹം തുടങ്ങി. മരണംവരെ ആ പ്രവർത്തനം തുടരുകയും ചെയ്തു. 1915–ൽ ശ്രീ. വിത്തൽദാസ് പട്ടേൽ ബോംബേ നിയമനിർമ്മാണസഭയിൽ നിർബ്ബന്ധ വിദ്യാഭ്യാസബിൽ അവതരിപ്പിച്ചപ്പോൾ ഇതുസംബന്ധമായ എല്ലാ സ്ഥിതിവിവരണകണക്കുകളും ബുദ്ധിമുട്ടി സമ്പാദിച്ചുകൊടുത്തതു് ശ്രീ. തക്കർബാപ്പയായിരുന്നു.

'ജാംഷെഡ്പൂരിൽ' തൊഴിലാളികളുടെ ക്ഷേമകാര്യം പിന്നീട് അദ്ദേഹത്തിൽ അർപ്പിക്കപ്പെട്ടു. വളരെ ഉത്സാഹത്തോടെ ആ കാര്യത്തിലും അദ്ദേഹം ഏർപ്പെട്ടു. ടാററായുടെ ഉരുക്കുനിർമ്മാണശാലകളിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ സമസ്തവിവരവും അദ്ദേഹം അന്വേഷിച്ചറിഞ്ഞു. വിസ്തരിച്ച ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. തൊഴിലാളികളുടെ സ്ഥിതി ഭേദപ്പെടുത്തുവാനുപകരിക്കുന്ന വിലപിടിച്ച പലേ നിർദ്ദേശങ്ങളും അതിൽ അദ്ദേഹം നൽകിയിരുന്നു. ഇപ്പോൾ മദിരാശി ഗവർണ്ണരായ ശ്രീ. ശ്രീപ്രകാശ് അദ്ദേഹത്തിൻെറ അനുസ്മരണത്തിൽ പറയുകയാണ്:—

"1919-ൽ ജാംഷെഡ്പൂരിലെ ഉരുക്കുനിർമ്മാണശാല സന്ദർശിച്ചപ്പോഴാണ് ഒന്നാമതായി ഞാൻ ശ്രീ തക്കർ

ബാപ്പയെ കാണുവാനിടയായതു്. അവിടെ ഞങ്ങളുടെ ആതിഥേയഗൃഹത്തിൽ യാദൃച്ഛികമായി അദ്ദേഹം കയറി വന്നു. എൻെറ ഒപ്പം ഉണ്ടായിരുന്ന ശ്രീ. ശിവപ്രസാദ് ജിയെ മുമ്പുതന്നെ അദ്ദേഹത്തിനറിയാമായിരുന്നു. അന്നു വൈകുന്നേരം അദ്ദേഹം ഞങ്ങളെ അടുത്ത ഒരു ഗ്രാമത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ അന്നത്തെ പ്രവൃത്തികഴിഞ്ഞു് തിരിച്ചുവന്ന ശേഷം ഗോണ്ടരും ഭീലരുമായ തൊഴിലാളികൾ അല്പം സംഗീതത്തിലും നൃത്തത്തിലും ഏപ്പെട്ടിരിക്കുന്നതു് ഞങ്ങൾക്ക് കാണിച്ചുതന്നു.

പ്രകൃതിയുടെ കാററും വെളിച്ചവും യഥേഷ്ടം തട്ടി വളരുന്നവരായിരുന്നു അവരുടെ കുഞ്ഞോമനക്കിടാങ്ങൾ. അവരിൽ പലരും ഇന്നു് ഫേക്ടറി ജീവിതം താങ്ങാനാവാതെ ധാരാളമായി അകാലമരണം പ്രാപിച്ചുകൊണ്ടിരിക്കയാണെന്നു് വേദനയോടെ അദ്ദേഹം പറഞ്ഞതു് ഞാനിപ്പോഴുമോക്കുന്നു. അങ്ങിനെ ഉപജീവനമാർഗ്ഗത്തിനു് അവർ സ്വീകരിച്ച തൊഴിൽ അവരുടെ ജീവിതം തകർക്കുകയാണു്!......

മററുവിധത്തിൽ ആകർഷകമായ എന്തിനും ഇങ്ങിനെ ഒരു മറുഭാഗമുണ്ടു്. തക്കർബാപ്പയെപ്പോലുള്ള മഹാത്മാക്കൾ ഈ രണ്ടുവശവും സുന്ദരമാക്കാൻ കഠിനാദ്ധ്വാനം ചെയ്യുകയാണു്.” വലിയ വില കൊടുത്താണു് തൊഴിലാളികൾ ചില്ലറപ്പീടികകളിൽനിന്നു സാമാനം വാങ്ങിയിരുന്നതു്. ഭക്ഷണപദാർത്ഥങ്ങളുൾപ്പെടെ അവയിൽ പല

ത്തും ടാട്ടാ കമ്പനിയിൽനിന്ന കൊട്ടക്കമാറാക്കിയത്ത് അദ്ദേഹമായിരുന്നു. വലിയ പലിശക്ക് പണം കടംകൊടുത്തിരുന്ന കാബൂളി ഹുണ്ടികച്ചവടക്കാരിൽനിന്നും സഹകരണസംഘങ്ങൾ ഉണ്ടാക്കി അവരെ അദ്ദേഹം മോചിപ്പിച്ചു. തൊഴിലാളിക്ഷേമത്തിനുവേണ്ടി മററു പലേ പ്രവൃത്തികളും അദ്ദേഹമവിടെ ചെയ്തു.

1920-ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ വിദേശവസ്ത്രബഹിഷ്കരണവും സ്വദേശിപ്രചരണവും ആരംഭിച്ചപ്പോൾ 'കത്തിയവാഡിൽ' ഖാദിപ്രചരണത്തിൻെറ ഉത്തരവാദിത്തം തക്കർബാപയാണ് വഹിച്ചത്. ചക്കയും ഖാദിയുംകൊണ്ട് സൌരാഷ്ട്രത്തിലെ ദരിദ്രക്ക്, പ്രത്യേകിച്ചും ഹരിജനങ്ങൾക്ക് സഹായം കിട്ടാൻ തുടങ്ങിയപ്പോൾ തക്കർബാപ സന്തുഷ്ടനായി. ഖാദി ഉല്പാദനം അദ്ദേഹത്തിനു പിടിച്ചു. ഖാദിയെപ്പററി അദ്ദേഹം പറയുകയാണ്: "ചക്കയുടെ ഭാവി ഉജ്ജ്വലമാണ്. അതിൻെറ പുനരുദ്ധാരണം ഭാരതത്തിലെ ഗ്രാമജീവിതത്തിന് പലേ വിധത്തിൽ ഉപയോഗപ്രദമാണെന്ന് മാത്രമല്ല ശാശ്വതക്ഷേമകരംതന്നെയാണ്."

ഖാദി ഉല്പാദനം വർദ്ധിപ്പിക്കാൻവേണ്ടി പലേ സ്ഥലത്തും ഹരിജൻ നെയ്ത്തുകാരുടെ സമ്മേളനങ്ങൾ ഏർപ്പെടുത്തി. കൈകൊണ്ട് നൂററ നൂൽ മാത്രം നെയ്യുവാൻ അവരെ പ്രോത്സാഹിപ്പിച്ചു.

1920-ൽ ഒറീസ്സ സംസ്ഥാനത്തിലെ പുരി ജില്ലയിൽ ക്ഷാമം ബാധിച്ചു. അക്കാലത്ത് അദ്ദേഹം ചെയ്ത

സേവനം നിസ്തുല്യമായിരുന്നു. 1,25,000 ക. അദ്ദേഹം അവിടെ പിരിച്ചുണ്ടാക്കി. ഇന്ന് ഇതൊരു വലിയ സംഖ്യയായി തോന്നിയേക്കില്ല. പക്ഷെ അക്കാലത്ത് ഇതൊരു ഭീമമായ തുകതന്നെയായിരുന്നു. ഒറീസ്സയിലെ ക്ഷാമനിവാരണ കമ്മററിയുടെ സിക്രട്ടറിമാരിലൊരാളായാണ് അദ്ദേഹം പ്രവർത്തിച്ചത്. അദ്ദേഹം ഏതു പ്രദേശത്തുകാരനായിരുന്നാലും, എത്തിയേടത്തെല്ലാം ആളുകൾ അദ്ദേഹത്തെ സ്വന്തക്കാരനായെടുത്തു! അവിടെ രാത്രിയും പകലുമില്ലാതെ അദ്ധ്വാനിച്ച് ആയിരക്കണക്കിന് ആളുകളെ മരണവക്ത്രത്തിൽനിന്ന് അദ്ദേഹം രക്ഷിച്ചു. ബാപയുടെ സേവനവ്യഗ്രത ഗാന്ധിജിയുടെ ഹൃദയത്തിൽ തട്ടി. ഈ ക്ഷാമം ഹേതുവായി ഒറീസ്സയോട് ബാപ വളരെ ബന്ധപ്പെട്ടു. പിൽക്കാലത്ത് ക്ഷാമം, വെള്ളപ്പൊക്കം, കൊടുങ്കാററ് തുടങ്ങി എന്തെല്ലാം ദുരിതം ഒറീസ്സക്കു നേരിട്ടാലും അപ്പോഴെല്ലാം അദ്ദേഹം അവിടെയെത്തിയിരുന്നു. ശ്രീ ഹരേകൃഷ്ണമേത്താബ് പ്രസ്താവിക്കുകയാണ്:

"......അക്കാലത്ത് സേവനത്തിൻെറ കൈത്തിരി ഒറീസ്സയിലെ യുവജനങ്ങളിൽ കൊളുത്തിയതു് തക്കർബാപയായിരുന്നു. അതുകൊണ്ടും അവസാനിക്കുന്നില്ല. അദ്ദേഹം ഒറീസ്സയെ സ്വന്തം സംസ്ഥാനമായി കരുതിവന്നു. 1944-ലെ ബങ്കാളിലെ ക്ഷാമം ഗവമ്മേണ്ടിൻെറ കണ്ണു് തുറപ്പിച്ചു. 'ദാമോദർനദീതാഴ്വരാപദ്ധതി' അവർ അംഗീകരിച്ചു. ഈ വർത്തമാനം പത്രത്തിൽ വായിച്ചപ്പോൾ

ഞാൻ വിചാരിച്ചുപോയി 'ഇത്രയെല്ലാം ക്ഷാമം ഒറീസ്സയിൽ വന്നിട്ടും മഹാനദീതാഴ്വരപദ്ധതി ഗവമ്മേണ്ട് ഏറെറടുത്തില്ലല്ലോ' എന്ന്. പിറേറ ദിവസത്തെ 'ടൈംസ് ഓഫ് ഇന്ത്യാ' തുറന്നുനോക്കിയപ്പോഠം അതാ 'മഹാനദീതടപദ്ധതി'ക്കുവേണ്ടി സ്ഥിതിവിവരണകണക്കുകളോടെ തക്കർബാപ വാദിക്കുന്നു......!"

മഹാനദീതടപദ്ധതി വിസ്മരിക്കപ്പെട്ടില്ല. തക്കർബാപക്കു നന്ദി!

## ഭിൽ സേവാമണ്ഡലം

പഞ്ചമഹാളിലെ ക്ഷാമകാലത്ത് തക്കർബാപ ഭീലരുടെ കഷ്ടസ്ഥിതി നേരിട്ടുകണ്ടു മനസ്സിലാക്കിയിരുന്നല്ലോ. അദ്ദേഹത്തിനതു് മറക്കാൻ കഴിഞ്ഞില്ല. അവരുടെ ദുരിതത്തിന് സ്ഥിരമായ ഒരു പരിഹാരം വേണമെന്ന് അദ്ദേഹം നിശ്ചയിച്ചു. ഭീലരുടെ ദാരിദ്ര്യം, അജ്ഞത, സാമുദായികദുരാചാരങ്ങഠം എന്നിവ പരിഹരിക്കുവാൻ അദ്ദേഹം ദൃഢനിശ്ചയം ചെയ്തു. അവരുടെ നിരന്തരസേവനത്തിനായി ഒരു സംഘംതന്നെ വേണമെന്ന് അദ്ദേഹം ആലോചിച്ചുറച്ചു. പക്ഷെ സേവനവ്രതമെടുത്ത യുവാക്കന്മാരെ കിട്ടിയാലല്ലാതെ ഈ മനോരഥം സഫലമാക്കാൻ അദ്ദേഹം മാർഗ്ഗം കണ്ടില്ല. അതിനാൽ കത്തവ്യനിഷ്ഠരും സ്വന്തം ജീവിതത്തിന് മാത്രം വേണ്ടിവരുന്ന ശമ്പളം പററുന്നവരുമായ സേവകന്മാരെ അദ്ദേഹം ആവശ്യപ്പെട്ടു. ആരംഭത്തിൽ പത്തു സേവാകേന്ദ്രങ്ങളും, ഭീലബാലന്മാക്ക്

വേണ്ടി രണ്ട് ആശ്രമങ്ങളും സ്ഥാപിക്കാൻ അദ്ദേഹം തീർച്ചയാക്കി. സുഖദേവ്ജിയിൽ ആദ്യമേ അദ്ദേഹത്തിന് ദൃഷ്ടിപതിഞ്ഞിരുന്നു. ഭീലകേന്ദ്രങ്ങളിൽ അദ്ദേഹത്തോടൊപ്പം പണിയെടുത്ത് പരിചയിച്ചുകഴിഞ്ഞിരുന്നുവല്ലോ. അപ്പോഴേക്കും ഗുജറാത്ത്‌വിദ്യാപീഠത്തിൻെറ സ്ഥാപകനായ ശ്രീ. ദയാബായ് നായക് സഹായത്തിനെത്തി. താമസിയാതെ ശ്രീ. ലോഖണ്ഡവാല, ശ്രീ. ലക്ഷ്മീദാസ്, ശ്രീകാന്ത് എന്നിവരും അദ്ദേഹത്തോടൊപ്പം ചേർന്നു. ശ്രീകാന്ത്ജിയോടൊപ്പം ശ്രീ. പാണ്ഡുരംഗ ഗണികർ കൂടി ആകർഷിക്കപ്പെട്ടു. 1922 മാർച്ച് 19-ാംനു- ഒന്നാമത്തെ ആശ്രമമായ 'മീരാഘേടി'യുടെ ഉദ്ഘാടനം ശ്രീ. തക്കർബാപ തന്നെ സ്വന്തം കൈകളാൽ നിർവ്വഹിച്ചു. നാലു ഭീലകുട്ടികളുമായാണ് ആ ആശ്രമം തുടങ്ങിയതു്. 1922 നവമ്പർ 5–ാംനു- 'ദോഹാദി'ലെ ദുരിതനിവാരണസംഘംആപ്പീസ് ഭീൽസേവാമണ്ഡലംആപ്പീസായി മാററപ്പെട്ടു.

പിന്നീട് ഒന്നിനൊന്ന് പിറകിലായി സാവധാനത്തിൽ പലേ കേന്ദ്രങ്ങൾ തുറക്കപ്പെട്ടു. ഇത്തരം കേന്ദ്രങ്ങളിൽ ഭീലബാലരെ അക്ഷരാഭ്യാസം ചെയ്യിക്കുക, രോഗികളെ പരിശോധിച്ചു മരുന്ന് കൊടുക്കുക, ദരിദ്രർക്ക് ഭക്ഷണവും വസ്ത്രവും നൽകുക, മദ്യവർജ്ജനത്തിന് ഉപദേശം നൽകുക, എന്നിവയാണ് ചെയ്തിരുന്നതു്.

ദോഹാദ്നഗരത്തിൻെറ ചുററും 11-ഉം 12-ഉം നാഴിക വിട്ടു് ഗർവാഡാ, ജെസാവാഘാ, ഗുൽതോരാ, മൂഡാ

ഫേഡാ എന്നീ നാല് ഗ്രാമങ്ങളിൽ നാല് കേന്ദ്രമണ്ഡലങ്ങൾ സ്ഥാപിക്കപ്പെട്ടു. തക്കർബാപാ മാസത്തിലൊരു പ്രാവശ്യമെങ്കിലും ഓരോ കേന്ദ്രവും സന്ദർശിച്ചിരുന്നു.

ഇങ്ങിനെയിരിക്കെ പണത്തിന് ബുദ്ധിമുട്ടായി. സംഭാവനയായി 2749 ക.യെ കിട്ടിക്കഴിഞ്ഞിരുന്നുള്ളു. അതിനാൽ അദ്ദേഹം ഒരു അഭ്യർത്ഥന പുറപ്പെടുവിച്ചു. അതിൽ അദ്ദേഹം ഇങ്ങിനെ പറഞ്ഞിരുന്നു:—

"നമ്മുടെ സമുദായത്തിലെ ഈ അധഃപതിച്ച വർഗ്ഗക്കാരുടെ ഭാവി മാററുക ആവശ്യമാണ്. അതിന് സേവകന്മാർ വേണം. പണവും വേണം. ധനവാന്മാരുടെ പണപ്പെട്ടികളിൽ ഈ പതിതവർഗ്ഗക്കാരുടെ സമുദ്ധരണത്തിനു് ആവശ്യമായ പണം നിറഞ്ഞുകിടക്കുന്നുണ്ട്. അതിൽനിന്നും അല്പം, ഉന്നമനത്തിന് തെയ്യാറായി നില്ക്കുന്ന ഈ വർഗ്ഗക്കാർക്കുവേണ്ടി കിട്ടുക ദുഷ്കരമാണോ?" ആ അഭ്യർത്ഥന പാഴിലായില്ല.

ഭീൽസേവാമണ്ഡലത്തിന്ന് പലേ ബുദ്ധിമുട്ടുകളും നേരിടേണ്ടിവന്നു. ഈ ബുദ്ധിമുട്ടുകൾ സക്കാരിൽനിന്നുണ്ടായി, ചുററുപാട്ടുള്ള കുറച്ചുപേരിൽനിന്നുണ്ടായി, ആർക്കുവേണ്ടി പ്രവർത്തനമാരംഭിച്ചുവോ ആ ഭീലരിൽനിന്നുമുണ്ടായി. ഭീലരിൽനിന്നും വേണ്ടത്ര സഹകരണം ആദ്യകാലത്തു് കിട്ടിയിരുന്നില്ല. മണ്ഡലത്തിൻെറ പ്രവർത്തനത്തെ രാഷ്ട്രീയച്ഛുവയുള്ളതായും ഗവമ്മേണ്ട് വ്യാഖ്യാനിക്കാൻ തുടങ്ങി. സുഖദേവ്ജിയുടെ പേരിൽ രണ്ടുമൂന്നു കേസുകൾ

SOUTHERN LANGUAGES BOOK TRUST
LIBRARY.
MADRAS.

നടത്തപ്പെട്ടു. മററുചില പരദ്രോഹികൾ മണ്ഡലത്തെ ജനങ്ങളുടെ മുന്നിൽ താഴ്ത്തിക്കാണിക്കുന്ന പ്രവർത്തനത്തിലേർപ്പെട്ടു. ആവശ്യമായ പല സാധനങ്ങളും അന്ന് കിട്ടാതെവന്നു. എന്നാലും മണ്ഡലം പ്രവർത്തകർ ദൃഢനിശ്ചയത്തോടെ മുന്നോട്ടുനീങ്ങി.

ഒരു വലിയ ബുദ്ധിമുട്ട് ആശ്രമം നടത്താൻ വീടുകൾ കിട്ടാനായിരുന്നു. 'ജാംബുദാ'വിലെ യുവാദ്ധ്യാപകൻ ശ്രീ. മഗൻലാൽ മേത്ത ആദ്യകാലത്ത് മരത്തിൻെറ ചുവട്ടിലാണ് ബാലന്മാരെ പഠിപ്പിക്കുവാൻ തുടങ്ങിയത്. ഭീലരിൽ അക്ഷരാഭ്യാസത്തിനുള്ള ആഗ്രഹം വളർത്തുക എന്നതും ഒരു ചില്ലറ ജോലിയായിരുന്നില്ല. എന്നാൽ ബാപ്പാ തൻെറ നിശ്ചയത്തിൽ ഉറച്ചുനിന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു :—

“എന്തെല്ലാം ബുദ്ധിമുട്ടുകൾ നേരിട്ടാലും ഭീലരുടെ സേവനത്തിനുവേണ്ടി പ്രതിജ്ഞയെടുത്തിട്ടുള്ള ഭീലസേവാമണ്ഡലം ആ പ്രതിജ്ഞ നിറവേററുകതന്നെ ചെയ്യും. സേവനത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും തങ്ങളുടെ കാര്യം മണ്ഡലം ചെയ്തുതീർക്കും. ആർ എത്രയെല്ലാം തടസ്സങ്ങൾ വലിച്ചിട്ടാലും ഞാൻ പേടിക്കുകയോ ആശ്രമം പൂട്ടുകയോ ചെയ്യില്ല; കെട്ടിടം കിട്ടിയാൽ നന്ന്. ഇല്ലെങ്കിൽ ആലിൻെറ ചുവട്ടിൽതന്നെ ഞങ്ങളുടെ പാഠശാലകൾ നടത്തപ്പെടും.”

ബാഡ്‌വാഡാ, ദേവഗഡ്–ബരിയാ തുടങ്ങിയ സ്ഥലങ്ങളിൽ പണിയെടുക്കുക കൂടുതൽ ബുദ്ധിമുട്ടുള്ളതായിരുന്നു. അവിടെ എല്ലാ പ്രവൎത്തനവും രാഷ്ട്രീയമായി വ്യാഖ്യാനിക്കപ്പെട്ടിരുന്നു. മണ്ഡലത്തിൻെറ പ്രവൎത്തകന്മാരെ 'ഹോം–റൂൾ' പ്രസ്ഥാനക്കാരായാണ് അന്ന് കരുതിപ്പോന്നിരുന്നതു്. ഇങ്ങിനെ ബാപ്പക്കും പ്രവൎത്തകൎക്കും കഠിനമായ പരീക്ഷണങ്ങളെ നേരിടേണ്ടിവന്നുവെങ്കിലും അവർ അതിനെയെല്ലാം അതിജീവിച്ചുപോന്നു.

എല്ലാ കാലത്തും ഇങ്ങിനെയായിരുന്നുവെന്ന് പറയുന്നില്ല. മണ്ഡലത്തിൻെറ പ്രവൎത്തനങ്ങൾ അറിയാൻ തുടങ്ങിയതോടെ പലരും സഹകരിക്കാനും സഹായങ്ങൾ നൽകാനും തുടങ്ങി.

മണ്ഡലത്തിൻെറ ഇതരകാര്യങ്ങളിൽ ശ്രദ്ധിക്കുന്നതോടൊപ്പംതന്നെ ആശ്രമങ്ങളിൽ താമസിച്ചുവരുന്ന ഭീലബാലരെ ശുചിത്വം, കൃത്യനിഷ്ഠ, അച്ചടക്കത്തോടെയുള്ള പെരുമാററം എന്നിവകൂടി അദ്ദേഹം പഠിപ്പിച്ചുപോന്നു. ചെറിയചെറിയ സംഗതികളിൽകൂടി അദ്ദേഹം ശ്രദ്ധചെലുത്തി. എല്ലാററിലും അധികം ശ്രദ്ധ ശുചിത്വത്തിലായിരുന്നു. തക്കർബാപ്പയുടെ ആ ആഗ്രഹം കുട്ടികളെ കൂടുതൽ കൂടുതൽ വൃത്തിയുള്ളവരായിരിപ്പാൻ പ്രേരിപ്പിച്ചുകൊണ്ടുമിരുന്നു. ഇടക്കിടെ അദ്ദേഹംതന്നെയാണ് അവരെ കുളിപ്പിച്ചുപോന്നതുകൂടി

മണ്ഡലത്തിൻെറ പ്രവൎത്തനം കൊല്ലംതോറും അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. മൂന്നു വൎഷത്തിനുള്ളിൽ നാല്

ആശ്രമങ്ങളും ഒമ്പതു് പാഠശാലകളും ദാഹോദ്, തലം ലോദ് എന്നീ താലൂക്കുകളിൽ ഉണ്ടായി. ഏതാണ്ടു് അഞ്ഞൂറു് ബാലന്മാർ ഇവകളിൽ വിദ്യ അഭ്യസിച്ചുപോന്നു. മൂന്നാംവഷത്തിൽ ചിലവും 21,500ക. വരെ എത്തി.

രാജ്യത്തിൽ ഇതരഭാഗത്തുള്ള ആദിവാസികളുടെ കാര്യത്തിലും തക്കർബാപയുടെ ശ്രദ്ധചെന്നു. അവരുടെ സേവനകാര്യങ്ങളിലും ആഗ്രഹം വദ്ധിക്കാൻ തുടങ്ങി. അതിനാൽ അദ്ദേഹം ഈ കാര്യത്തിനായി രാജ്യം മുഴവൻ സഞ്ചരിച്ചു. ധാരാളം ഗ്രന്ഥങ്ങളും ഈ വിഷയത്തിൽ അദ്ദേഹം വായിച്ചു. മദ്ധ്യഭാരതം, ബീഹാർ, ആസാം എന്നിവിടങ്ങളിലെ പവ്വതപ്രദേശങ്ങളിലുള്ള ആദിവാസികളുടെ സ്ഥിതി അന്വേഷിക്കുവാൻ അദ്ദേഹം പോയി. അദ്ദേഹം ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനപ്പെടുത്തി കുറെ ലേഖനങ്ങളും എഴുതി. ഈ ലേഖനങ്ങൾ ഗാന്ധിജിയുടെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'നവജീവനി'ൽ പ്രസിദ്ധീകൃതങ്ങളായി. ഗാന്ധിജി ആ ലേഖനങ്ങൾക്കു മുഖവുരയായി ഇപ്രകാരം എഴുതി:—

"അമൃതലാൽ തക്കർ കാഷായവസ്ത്രം ധരിക്കുന്നില്ല. സ്വയം സന്യാസിയെന്നു പറയുന്നുമില്ല. പക്ഷെ ഒരു സന്യാസിക്കു ഭൂഷണമായ പ്രവൃത്തികളാണു് അദ്ദേഹം ചെയ്യുന്നതു്. വയസ്സായിക്കഴിഞ്ഞു. എന്നാലും വിശ്രമിക്കുന്നില്ല. അയൽവക്കക്കാരെക്കൂടി വിശ്രമിക്കാൻ വിടുന്നുമില്ല. കഷ്ടപ്പാടിന്റെ കാട്ടുതീ നാലുപാടും കത്തിയെരിയുമ്പോൾ ആർ

എങ്ങിനെ സുഖിച്ചിരിക്കും? അദ്ദേഹം അയിത്തജാതിക്കാരുടെ ഗുരുവായിക്കഴിഞ്ഞു. ഇപ്പോൾ കാട്ടുജാതിക്കാരുടേയും ഗുരുവായിത്തീരുകയാണ്. അതിലുള്ള തീവ്രയത്നമാണിപ്പോൾ."

ഭീല സമുദായത്തിൽ തക്കർബാപ ധാർമ്മികമായ ഉണർവ്വും ധാരാളമായി ഉണ്ടാക്കിയിരുന്നു ആശ്രമത്തിലും പാഠശാലകളിലും രാമായണംവായന പതിവായിരുന്നു. ഭീലരുടെ ഭാഷയിൽ അദ്ദേഹം രാമായണത്തിൻെറ സാരം ചുരുക്കി എഴുതി അച്ചടിപ്പിച്ചു. 'ജേസാവാഡ'യിൽ, 1926 ൽ അദ്ദേഹം ഒരു ശ്രീരാമക്ഷേത്രം പണിചെയ്യിക്കുകയും രാമനവമി ദിവസം അതിൽ രാമൻ, സീതാ, ലക്ഷ്മണൻ, എന്നീ മൂർത്തികളെ ഗോവർദ്ധനപീഠത്തിലെ ശങ്കരാചാര്യർ ശ്രീ. ഭാരതീകൃഷ്ണതീർത്ഥരുടെ കൈകളെക്കൊണ്ടു പ്രതിഷ്ഠിക്കുകയും ചെയ്തു. അന്നു രാമോത്സവം ഗംഭീരമായി ആഘോഷിക്കപ്പെട്ടു. അതിനുശേഷം 'ഝാലോദ്' ആശ്രമത്തിലും അദ്ദേഹം ഒരു ശ്രീരാമക്ഷേത്രം പണിചെയ്തു.

മദ്യനിരോധത്തിലും, സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതിലുംകൂടി ഭീലസേവാമണ്ഡലത്തിനു വിജയം വരിക്കുവാൻ കഴിഞ്ഞു.

സേവാമണ്ഡലം വളൎന്നു വ്യാപിക്കുന്നതു കണ്ടപ്പോൾ മൂന്നു വർഷത്തെ സേവനത്തിനു പ്രതിജ്ഞയെടുത്തവരെ ഇരുപതു വർഷത്തെ സേവനത്തിനു പ്രേരിപ്പിച്ചുകൂടേ എന്നും അദ്ദേഹത്തിനു തോന്നി. അങ്ങിനെ ജേസാവാഡയിലെ

ശ്രീരാമക്ഷേത്രത്തിനു മുമ്പിൽവെച്ച് സേവകന്മാരെക്കൊണ്ടു പ്രസ്തുത പ്രതിജ്ഞയെടുപ്പിച്ചു. പ്രതിജ്ഞയുടെ അവസാനത്തിൽ അദ്ദേഹം പറഞ്ഞു: "നിങ്ങൾ ഛിന്നഭിന്നമായി തകൻന്നുപോയേക്കാം. എന്നാലും സ്വയം എടുത്ത പ്രതിജ്ഞ ലംഘിക്കരുത്."

ബാപ്പയും അങ്ങിനെ അദ്ദേഹത്തിൻെറ സത്യനിഷ്ഠയുള്ള കൂട്ടുകാരും ചെയ്ത തപസ്സിനു ഫലമുണ്ടായി. മണ്ഡലം വഴിയായി ഓരോ കൊല്ലവും 500 കുട്ടികളെ വിദ്യാഭ്യാസം ചെയ്യിച്ചുവന്നു. ഏതാണ്ടു 200 കുട്ടികളെ ആശ്രമങ്ങളിൽ താമസിപ്പിച്ച് സംസ്കാരസമ്പന്നരാക്കുകയും ചെയ്തു. അനേകായിരം ഭീലകുടുംബങ്ങളുടെ ആചാരങ്ങളിലും ജീവിതത്തിൽതന്നെയും ഒരു പുതിയ പരിവത്തനം വന്നു. സഹകരണസംഘങ്ങൾ മുഖേന അവരുടെ കുടുംബം മുടിക്കുന്ന കടബാദ്ധ്യതകളിൽനിന്ന് അവക്കു മോചനം കിട്ടി. അനേകായിരം പേർ മദ്യാസക്തി, മണ്ഡലത്തിൻെറ പ്രേരണയാൽ ഉപേക്ഷിച്ചു. ഇതിൻെറയെല്ലാം ഫലമായി സ്വാതന്ത്ര്യസമരത്തിൽ ധാരാളം ഭീലർ പങ്കെടുക്കുവാനിടയായി. കുറെ, അച്ചടക്കമുള്ള, സദാചാരനിഷ്ഠരായ പ്രവത്തകർ തയ്യാറാക്കപ്പെട്ടു. ഇപ്രകാരം ഭീലസേവാമണ്ഡലത്തിൻെറ പരിശുദ്ധപ്രവത്തനത്തിൻെറ സൌരഭ്യം നാലുപാടും പരന്നു.

1922 മുതൽ 1932 വരെ ഭോഹാദിൽ സ്ഥിരതാമസമാക്കി തക്കർബാപ്പ പ്രധാനമായും ഭീൽ സേവാ മണ്ഡല

ത്തിൻെറ പ്രവത്തനമാണ് ചെയ്തിരുന്നത്. പക്ഷെ പിന്നീട് മരണംവരേയും ഹരിജൻ സേവക് സംഘത്തിൻെറ കായ്യങ്ങളാണ് അദ്ദേഹം ചെയ്തിരുന്നതെങ്കിലും ഭീലസേവാമണ്ഡലത്തോടുള്ള അദ്ദേഹത്തിൻെറ ബന്ധം അഭംഗുരമായി നിലനിന്നു. ഇടക്കിടെ അദ്ദേഹം അവക്കു പ്രചോദനവും നിർദ്ദേശവും നല്കിപ്പോന്നു. മണ്ഡലം മുഖേന ഭീലക്കുവേണ്ടി തക്കർബാപ ചെയ്ത സേവനം യഥാത്ഥത്തിൽ അപൂർവ്വവും അതുല്യവുമായിരുന്നുവെന്നു നിസ്സംശയം പറയാം.

ഭീൽ സേവാമണ്ഡലം മുഖേന ഗുജറാത്തിലെ ആദിവാസികൾക്കുവേണ്ടി എങ്ങിനെ അദ്ദേഹം സേവനം ചെയ്തുവോ, ആവിധം ഭാരതത്തിലെ മുഴവൻ ആദിവാസികളേയും സേവിക്കുവാൻവേണ്ടി അദ്ദേഹം 'ആദിമജാതിസേവക്സംഘ'ം സ്ഥാപിച്ചു. ആ സംഘം സ്തുത്യഹമായ സേവനം അനുഷ്ഠിച്ചുപോരുന്നു.

## രാഷ്ട്രസേവകൻ

യഥാത്ഥത്തിൽ തക്കർബാപയുടെ ലോകസേവനം ബഹുമുഖമായിരുന്നു. ബ്രിട്ടീഷുഭരണകാലത്തു നാട്ടുരാജ്യങ്ങളിലെ സ്ഥിതി സുവിദിതമാണല്ലോ. മദ്ദിതരും അനാചാരപീഡിതരുമായ നാട്ടുരാജ്യപ്രജകളുടെ നാനാമുഖമായ അഭിവൃദ്ധിക്കുവേണ്ടിയും തക്കർബാപ പരിശ്രമിക്കുകയുണ്ടായി. അനീതിക്കെതിരായി അവരെ സംഘടിപ്പിക്കുകയും മനുഷ്യോചിതമായ പെരുമാററത്തിനുവേണ്ടി പോരാടുകയും ചെയ്യുവാൻ ബാപ അവരെ പഠിപ്പിച്ചു. സ്വതവേ

ബാപാ ഒരു 'രാഷ്ട്രീയ' പ്രവൎത്തകനല്ലായിരുന്നു. സമുദായ സേവനമായിരുന്നു അദ്ദേഹത്തിൻെറ ജീവിതലക്ഷ്യം. എന്നാലും 'ഭവനഗർ' രാജ്യത്തിലെ പ്രജാപരിഷത്തിൻെറ രണ്ടാം സമ്മേളനത്തിൻെറ അദ്ധ്യക്ഷപദവി അദ്ദേഹത്തിൽ അൎപ്പിക്കപ്പെട്ടപ്പോൾ അദ്ദേഹം അതു സ്വീകരിച്ചു. ഗാന്ധിജി ആ പരിഷത്തിനയച്ച സന്ദേശത്തിൽ പ്രസ്താവിച്ചിരുന്നു:—

"ഹരിജനങ്ങളുടേയും ഭീലരുടേയും ഗുരുവായ അമൃതലാൽ തക്കറിനെ അദ്ധ്യക്ഷനാക്കി പ്രജാപരിഷത്ത് ബഹുമതി വൎദ്ധിപ്പിച്ചിരിക്കയാണ്. ഏതൊരു ഖാദി നെയ്ത്തിനാൽ അനേകായിരം 'അയിത്ത'ജാതിക്കാർ ദിനകൃത്യം കഴിക്കുന്നു, വിശക്കുന്ന എത്രയോ സഹോദരിമാൎക്ക് ഏതൊന്നുകൊണ്ടു മാനം വില്ക്കാതെതന്നെ അല്പം സമ്പാദ്യം ലഭിക്കുന്നു, ആ ഖാദിക്ക് ഈ പരിഷത്തിൽ ശരിയായ സ്ഥാനം ലഭിക്കുമെന്നും ഹിന്ദുധൎമ്മത്തിൽ കടന്നു കൂടിയ അയിത്തമാകുന്ന മാലിന്യത്തെ നീക്കം ചെയ്യുന്നതിൽ സമ്മേളനം വിജയിക്കുമെന്നും ഞാനാശിക്കുന്നു."

അദ്ധ്യക്ഷനെന്ന നിലയിൽ തക്കർബാപ ചെയ്ത പ്രസംഗം അതിനു മുമ്പിലത്തെക്കാളെല്ലാം മഹത്വമേറിയതായിരുന്നു. അദ്ദേഹം രാജ്യത്തിലെ ഭരണരീതിയെ വിമൎശിച്ചിരിപ്പുന്നെന്നു അധിക്ഷേപിച്ചു. വ്യക്തമായി അതു വിവരിക്കുകയും ചെയ്തു. 'ബേഗാർ' സമ്പ്രദായം ഏററവും പൈശാചികമെന്നു അദ്ദേഹം അധിക്ഷേപിച്ചു. പ്രജകളിൽ

ബാപയുടെ പ്രസംഗംകൊണ്ടു നല്ല ഉണൎവ്വുണ്ടായി. കത്തിയവാഡ് രാഷ്ട്രീയ പരിഷത്തിന്റെയും അദ്ധ്യക്ഷൻ അദ്ദേഹമായിരുന്നു.

പോർബെന്തറിൽ 1928 ജനവരി മാസത്തിലായിരുന്നു സമ്മേളനം. ഗാന്ധിജിയും സർദാർ പട്ടേലും ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. വളരെ ആൎഭാടത്തോടെയായിരുന്നു സമ്മേളനം. ഏതാണ്ട് 450 പ്രതിനിധികൾ ഇതിൽ പങ്കെടുത്തിരുന്നു.

അദ്ധ്യക്ഷനെന്ന നിലയിൽ അദ്ദേഹം ചെയ്ത പ്രസംഗം, ജനങ്ങളെ കൎത്തവ്യോന്മുഖരാക്കിയതിന്റെ ചരിത്രത്തിൽ, അവിസ്മരണീയമായി നിലനില്ക്കും. നാട്ടുരാജാക്കന്മാരുടെ പാഴ്ചിലവുകളേയും, ആഡംബരപൂൎണ്ണമായ ജീവിതക്രമത്തേയും കലശലായി അദ്ദേഹം ആക്ഷേപിച്ചു. അയിത്തോച്ചാടനം, മദ്യനിരോധം, ഖാദീപ്രചരണം തുടങ്ങിയ നിൎമ്മാണപ്രവൎത്തനങ്ങളെ ശക്തിപ്പെടുത്തി ജനങ്ങളിൽ ഉണൎവ്വുണ്ടാക്കുവാൻ അദ്ദേഹം ആഹ്വാനം ചെയ്തു. കത്തിയവാഡെല്ലാം ഒരു ഭരണത്തിൻകീഴിൽ കൊണ്ടുവരണമെന്നു അദ്ദേഹം പറഞ്ഞു. അതിന്നു വ്യക്തമായ നിൎദ്ദേശങ്ങളും നല്കി. സൌരാഷ്ട്രത്തെപ്പററി 1929-ൽ അദ്ദേഹം വരച്ച ചിത്രം 1950 ലാണ് സത്യമായിതീൎന്നതു്. സർദാർ പട്ടേൽ സൌരാഷ്ട്രത്തിലെ ചെറുതും വലുതുമായ രാജ്യങ്ങളെ കൂട്ടിച്ചേൎത്തു് ഒരു സൌരാഷ്ട്രം ഉണ്ടാക്കി, അങ്ങിനെ 1929 ലെ സ്വപ്നം യഥാൎത്ഥമാക്കി.

അഖിലഭാരത നാട്ടുരാജ്യ പ്രജാപരിഷത്ത് രൂപീകരിക്കുന്നതിലും അദ്ദേഹത്തിനു പങ്കുണ്ടായിരുന്നു. നാട്ടുരാജ്യ പ്രജാപരിഷത്തിനാൽ നിയുക്തമായ അന്വേഷണകമ്മിററിയുടെ കാര്യം 1929-ൽ അതിൻെറ വക്കിങ്ങ് പ്രസിഡണ്ടെന്ന നിലയിൽ അദ്ദേഹം ചെയ്തു തീൎത്തു.

## സ്വാതന്ത്ര്യസമരത്തിൽ

കോൺഗ്രസ്സ് അതിൻെറ ലാഹോർ സമ്മേളനത്തിൽ പൂൎണ്ണസ്വാതന്ത്ര്യ പ്രമേയം പാസ്സാക്കുകയും ആ വഷത്തിൽ തന്നെ ഗാന്ധിജി ഉപ്പുസത്യാഗ്രഹം ആരംഭിക്കുകയും ചെയ്തപ്പോഠം ഭീലസേവാമണ്ഡലത്തിലെ ചെറുപ്പക്കാരായ പ്രവൎത്തകരും സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ തക്കർബാപയോടു സമ്മതമാവശ്യപ്പെട്ടു. മണ്ഡലത്തിൻെറ കാര്യങ്ങഠം ക്ഷീണിപ്പിക്കുന്നതിൽ തക്കർബാപക്കു സമ്മതമായിരുന്നില്ല. ശ്രീകാന്ത്, വണീകർ, സുഖദേവ്ജി എന്നിവരെ പലപ്രകാരത്തിലും പിന്തിരിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും അവർ അവരുടെ തീരുമാനത്തിൽ ഉറച്ചുനിന്നു. രാജ്യം സ്വതന്ത്രമായാൽ ഇതിൽ നിരവധി മണ്ഡലങ്ങഠം സ്ഥാപിക്കാമല്ലോ എന്നവർ പറഞ്ഞു. ഗാന്ധിജി സബർമതി, പോലെയുള്ള ആശ്രമങ്ങഠംകൂടി പൂട്ടിയിട്ടപ്പോഠം, ഭീലസേവാമണ്ഡലം പൂട്ടുന്നതു് എത്ര നിസ്സാരമാണ് എന്നവർ വാദിച്ചു. അവസാനം നിറഞ്ഞ ഹൃദയത്തോടെ അവൎക്കു സമ്മതം നല്കുകയും പ്രവൎത്തനം സ്വയം ഏറെറടുക്കുകയും ചെയ്തു.

അക്കാലത്ത് തക്കർബാപയുടെ മനസ്സിൽ ഒരു സമരംതന്നെ നടക്കുകയായിരുന്നു. ഒരു ഭാഗത്ത് സ്വാതന്ത്ര്യസമരം നടക്കുന്നു: അതിൽ യുവാക്കളെല്ലാം പങ്കെടുക്കുന്നു. ഗാന്ധിജിയുടെ തീരുമാനമനുസരിച്ച് ലക്ഷക്കണക്കിനാളുകൾ കാന്തംപോലെ ആകൃഷ്ടരാകുന്നു. മറുഭാഗത്താണെങ്കിൽ മണ്ഡലത്തിൻെറ ചുമതലയും, 'രാഷ്ട്രീയ'ത്തിൽ ഇടപെടരുതെന്ന ഭാരത സേവാസംഘത്തിൻെറ നിയമവും ഒഴിഞ്ഞുനിന്നാലും അതിൻെറ കലകളിൽനിന്ന് രക്ഷപ്പെടാൻ ബാപക്കു കഴിഞ്ഞില്ല. സത്യാഗ്രഹികൾക്കു നിരവധി സഹായങ്ങൾ അദ്ദേഹം ചെയ്തുകൊടുത്തു. ധൂലേരയിൽ ഉപ്പുസത്യാഗ്രഹികളുടെ മേൽ പോലീസ് നടത്തിയ മൎദ്ദനങ്ങളെ അദ്ദേഹം അവിടെപ്പോയി അന്വേഷിച്ചറിഞ്ഞു പത്രപ്രസ്താവനചെയ്തു. ധരാസനയിൽ കോൺഗ്രസ്സ് വളണ്ടിയർമാരുടെ എല്ലുകൾ പലതും പൊട്ടിപ്പോകത്തക്കവണ്ണം അവരെ മൎദ്ദിച്ചിരുന്നു. അവിടെയും ബാപ ചെന്നു വിവരം ശേഖരിച്ചു പത്രങ്ങൾക്കുനല്കി. ലാത്തിപ്രഹരമേററു വീണ സുഖദേവ്ജിയെ ബാപതന്നെ ഡോലിയിലിട്ടു ആസ്പത്രിയിൽ കൊണ്ടുപോയി. മൊഹമ്മദാബാദിൽ കള്ളുഷാപ്പു് പിക്കററുചെയ്യുന്നവരെയെല്ലാം കലശലായി മൎദ്ദിക്കുന്നുണ്ടെന്നു കേട്ടു് തക്കർബാപ അവിടെയും എത്തി. കള്ളുഷാപ്പിൽനിന്ന് വളരെ വിട്ടാണ് അദ്ദേഹം നിന്നിരുന്നതു്. എങ്കിലും അദ്ദേഹത്തേയും സൎക്കാർ പ്രവൃത്തിക്കു് വിഘ്നമുണ്ടാക്കുന്നുവെന്ന് പറഞ്ഞു അറസ്റ്റുചെയ്തു. വിചാരണക്കുവന്നപ്പോൾ ബാപ സൎക്കാരിൻെറ അന്യായങ്ങളെ

തുറന്നുകാട്ടിക്കൊണ്ടു് ഒരു പ്രസ്താവനനല്കി. ചരിത്രപ്രധാനമായ ആ രേഖ അവസാനിക്കുന്നതിങ്ങിനെയാണ് :—

"സത്യമാംവണ്ണം എന്നെയും നിങ്ങളെയും വിചാരണ ചെയ്യുന്ന ഒരു ഉന്നതതലത്തിൽനിന്നു ഞാൻ നീതി പ്രതീക്ഷിക്കുന്നുള്ളു, സർ.

എൻെറ അസത്യവാദികളായ പ്രോസിക്യൂട്ടർമാൎക്ക് ഈശ്വരൻ സത്യം പഠിപ്പിച്ചുകൊടുക്കട്ടെ. അവർ അവരുടെ ദുഷ്പ്രവൃത്തികൾക്കു് പശ്ചാത്തപിക്കുകയും ചെയ്യട്ടെ."

ആറുമാസം തടവുശിക്ഷ അദ്ദേഹത്തിന് നല്കപ്പെട്ടു. സ്നേഹിതന്മാരുടെ ഉപദേശപ്രകാരം അദ്ദേഹം അപ്പീൽ കൊടുത്തു. അക്കാലത്തു് അദ്ദേഹം ജാമ്യത്തിലിറങ്ങിയില്ല. സബർമതി ജയിലിൽ കഴിച്ചുകൂട്ടി. പക്ഷെ അപ്പീൽ എടുക്കുന്നതിനുമുമ്പുതന്നെ — ഒന്നേകാൽമാസത്തെ ശിക്ഷക്കുശേഷം—അദ്ദേഹത്തെ ശിക്ഷിച്ചിരുന്ന ഓർഡിനാൻസിന്നു കാലാവധിവരികയാൽ അദ്ദേഹം മോചിപ്പിക്കപ്പെട്ടു.

വീണ്ടും അദ്ദേഹം ഭീൽ സേവാ മണ്ഡലത്തിൻെറ ഉത്തരവാദിത്തം ഏറെറടുത്തു. 1931-ൽ ഗാന്ധി-ഇർവിൻ സന്ധി പൊളിഞ്ഞപ്പോൾ വീണ്ടും അറസ്റ്റുകൾ ആരംഭിച്ചു. ഭീൽസേവാമണ്ഡലത്തിലെ പ്രവൎത്തകർ വീണ്ടും ജയിലിലടക്കപ്പെട്ടു. അക്കാലത്തും ബാപ പ്രതികൂല പരിതസ്ഥിതികളോട്ട് മല്ലടിച്ചും മണ്ഡലത്തിൻെറ പ്രവൃത്തികൾ ചെയ്തുപോന്നു. ജയിലിൽപോയ പ്രവൎത്തകരുടെ കുടുംബങ്ങൾക്കു് മാസംതോറും ചുരുങ്ങിയ സാമ്പത്തികസഹായംകൂടി അദ്ദേഹം ഏൎപ്പെടുത്തിയിരുന്നു.

## ഹരിജൻ സേവക സംഘത്തിൽ

ഭീലരുടെ സേവനത്തോടൊപ്പംതന്നെ തക്കർബാപ്പ കഴിഞ്ഞ കുറെ കൊല്ലങ്ങളായി ഹരിജൻ സേവനവും ഏറ്റെടുത്തിരുന്നു. ഹരിജനങ്ങളെ 1932–33-നമുമ്പു് അന്ത്യജരെന്നാണ് വിളിച്ചുപോന്നതു്. ഗുജറാത്തിൽ ഗാന്ധിജിയുടെ പ്രേരണയനുസരിച്ചു, മുമ്പുതന്നെ മാമാസാഹേബ് ഫട്കെ, ഗോധ്രയിൽ അന്ത്യജ സേവാകാര്യങ്ങൾക്കായി ഒരു അന്ത്യജാശ്രമം സ്ഥാപിച്ചു് പ്രവൎത്തനമാരംഭിച്ചിരുന്നു. തക്കർബാപ്പ അദ്ദേഹത്തെ സഹായിച്ചുപോന്നു. 1923–ൽ ഗുജറാത്ത് അന്ത്യജ സേവാമണ്ഡലം തക്കർബാപ്പയുടെ അദ്ധ്യക്ഷതയിൽ സംഘടിപ്പിക്കപ്പെട്ടു. ശ്രീ. പരീക്ഷിത്‌ലാൽ മസുംദാർ ആയിരുന്നു ഖജാൻജി. ശ്രീ. പരീക്ഷിത്‌ലാൽജി ഹരിജൻ സേവനം വ്രതമായെടുത്ത് അന്നു മുതൽ ഇന്നുവരെ ചെയ്തുവരുന്നുണ്ടു്. ഇതു പ്രവൎത്തകൎക്കു് മാതൃകയായിരിക്കേണ്ടതാണു്. ബാപ്പാ ഈ മണ്ഡലംമൂഖേന നിരവധി പാഠശാലകൾ ഗുജറാത്തിൽ തുറക്കുകയും രണ്ടു ആശ്രമങ്ങൾ സ്ഥാപിക്കുകയും ചെയ്തു ഹരിജൻ സേവനത്തിന്നു ഇത്തരം ഒരു പശ്ചാത്തലം തക്കർബാപ്പാ സൃഷ്ടിച്ചുവെച്ചിരുന്നു. അതിനാൽ 1932-ലെ ചരിത്രപ്രധാനമായ ഉപവാസത്തിനുശേഷം ഗാന്ധിജി ആദ്യം അയിത്തോച്ചാടനസംഘമായും പിന്നീടു് ഹരിജൻ സേവക്‌സംഘമായും ഇതു് ആരംഭിച്ചപ്പോൾ സ്വാഭാവികമായും അദ്ദേഹത്തിൻെറ ശ്രദ്ധ തക്കർബാപ്പാ

യുടെനേരെ തിരിഞ്ഞു. സുപ്രസിദ്ധമായ യർവാദാ ഉടമ്പടിയുടെ കാര്യത്തിലും ബാപ്പക്ക പങ്കുണ്ടായിരുന്നു.

ഹരിജൻ സേവക്സംഘം സ്ഥാപിച്ചുമുതൽ അദ്ദേഹത്തിൻെറ ജീവിതത്തിൻെറ അവസാന ദിവസംവരെ അദ്ദേഹം അതിൻെറ കാര്യദശി—പ്രോരാ, അദ്വിതീയനായ സാരഥി—ആയിരുന്നു. ബാപ്പയായിരുന്നില്ല കാര്യദശിയെങ്കിൽ ഇത്രയും ചുരുങ്ങിയ കാലത്തിന്നുള്ളിൽ ഇത്രവമ്പിച്ച പുരോഗതി ലഭ്യമാകുമായിരുന്നില്ല.

ആദ്യം ശ്രീ ബാപ്പയുടെ പേർ കാര്യദശിസ്ഥാനത്തേക്ക അഭിപ്രായപ്പെട്ടപ്പോഠം ബാപ്പക്കതു സമ്മതമായിരുന്നില്ല. ഭീൽ സേവാമണ്ഡലത്തിൻെറ വമ്പിച്ച ഉത്തരവാദിത്തമായിരുന്നു കാരണം. ഗാന്ധിജി അദ്ദേഹത്തിൻെറ വിചാരം കണ്ടറിഞ്ഞു എഴുതി:—

“ഭീൽ സേവാമണ്ഡലം ആവശ്യംതന്നെ. പക്ഷെ രാജ്യത്തിൻെറയും ഹിന്ദുസമുദായത്തിൻേറയും ഈ പരീക്ഷണഘട്ടത്തിൽ ഹരിജൻ സേവനം കൂടുതൽ ആവശ്യവും മാഹാത്മ്യമേറിയതുമാണു്. ഈ സേവനത്തിൽ രാഷ്ട്രത്തിൻെറ ജന്മശുദ്ധി സാധിച്ച് അതിനെ ഉയത്തുന്ന അദ്ധ്യാത്മിക സാധന അന്തഭ്വവിച്ചിട്ടുണ്ടു്. ഇതു സാധിക്കുവാൻ ഉത്തമനീതിഗുണം തികഞ്ഞ ആദ്ധ്യാത്മിക വീര്യമുള്ളവരുടെ ആവശ്യകത ഉണ്ടു്. നൂററാണ്ടുകളായി അയിത്തം നിലനിത്തി ഹിന്ദുക്കഠം ചെയ്ത പാപത്തിന്നു് പ്രായശ്ചിത്തം ചെയ്യേണ്ടതുണ്ടു്. ഈ വിഷമഘട്ടത്തിൽ

ബാപ്പാ, താങ്കളെയല്ലെങ്കിൽ ഞങ്ങളാരെയാണ് ഈ സ്ഥാനത്തേക്കു കാണുക?" ബാപ്പാ ഗാന്ധിജിയുടെ നിർദ്ദേശം സ്വീകരിച്ചുവെന്നു പറഞ്ഞാൽ മതിയല്ലോ.

ഹരിജൻ സേവക്‌സംഘം പ്രസിഡണ്ടിൻെറയും സിക്രട്ടറിയുടേയും പേരിൽ ബോംബെയിൽനിന്നും പുറപ്പെടുവിച്ച ആദ്യത്തെ സംയുക്ത പ്രസ്താവനയിൽ "സംഘം ഭാരതത്തിലെങ്ങും പ്രചരിച്ചിരുന്ന സർവ്വപ്രകാരേണയുമുള്ള അയിത്തത്തെ, സമാധാനപൂർണ്ണമായ മാർഗ്ഗങ്ങളിൽക്കൂടി ദൂരീകരിക്കു"മെന്ന് പറഞ്ഞിരുന്നു. ഹരിജനങ്ങളെ തങ്ങളോടു തുല്യരായി കണക്കാക്കുകയും അവരോടു നല്ലപോലെ പെരുമാറുകയും ചെയ്യത്തക്കവണ്ണം സവർണ്ണഹിന്ദുക്കളുടെ മനോവൃത്തിയിൽ സംഘം സമൂലമായ മാററത്തിനു പ്രതിജ്ഞയെടുത്തു.

അയിത്തോച്ചാടനം സംഘടിപ്പിക്കാൻ വേണ്ടി സംഘത്തെ 22 ശാഖകളായും 184 കേന്ദ്രങ്ങളായും വിഭജിച്ചു. ഓരോ കേന്ദ്രത്തിനും 3000ക ചിലവു നിശ്ചയിച്ചു. ഇങ്ങിനെ എല്ലാ കേന്ദ്രങ്ങളിലേയും പ്രവർത്തനമാരംഭിക്കുവാൻ വർഷത്തിൽ 3 ലക്ഷം രൂപയുടെ ഏർപ്പാടു ചെയ്തു.

സംഘത്തിൻെറ കേന്ദ്ര ആപ്പീസ് ദൽഹിയിൽ വേണമെന്നു തീർച്ചപ്പെടുത്തി. അതിനാൽ ബാപ്പാ ദാഹോദിലെ താമസം നിർത്തി ദൽഹിയിൽ സ്ഥിരവാസമാക്കി. പക്ഷെ ആരംഭകാലത്തു ചുരുക്കം ദിവസങ്ങളേ അദ്ദേഹം ദൽഹിയിൽ ഉണ്ടായിരുന്നുള്ളു. പലേ പ്രവർത്തികളും സംഘ

ടിപ്പിക്കുവാനും വിപുലീകരിക്കുവാനും വേണ്ടി അദ്ദേഹത്തിനു ഭാരതത്തിന്റെ വിവിധഭാഗങ്ങളിൽ സഞ്ചരിക്കേണ്ടതായി വന്നു. ആ യാത്രകളോ? മൂന്നാംക്ലാസ്സ മുറികളിലേ യാത്രയുള്ളു, സ്റ്റേഷനിൽനിന്നു കിട്ടിയ ഭക്ഷണമേ കഴിക്കുകയുള്ളു. രാത്രിയും പകലും വ്യത്യാസമില്ലാത്ത യാത്രയും. ഹരിജനങ്ങളുടെ യഥാൎത്ഥ സ്ഥിതി സ്വന്തം കണ്ണുകൊണ്ടു കണ്ടു. അവരുടെ അഴുക്കുനിറഞ്ഞ ചേരികളെ വീണ്ടും വീണ്ടും അദ്ദേഹം പരിശോധിച്ചു. ഹൃദയം പിളൎക്കുന്ന ദാരുണകഥകൾ പോയേടത്തെല്ലാം അദ്ദേഹം കേട്ടു.

അദ്ദേഹം മുൻസിപ്പാൽ അധികൃതന്മാരെ വീണ്ടും വീണ്ടും സമീപിക്കുകയും ഹരിജനങ്ങളുടെ സ്ഥിതി എങ്ങിനെ ഭേദപ്പെടുത്താമെന്നു ധരിപ്പിക്കുകയും സഹകരണമാവശ്യപ്പെടുകയും ചെയ്തുപോന്നു. അയിത്തം അക്കാലത്തു ഗ്രാമങ്ങളിൽ മാത്രമല്ല നഗരങ്ങളിൽപോലും ശക്തിയായി ഉണ്ടായിരുന്നു. തെക്കെ ഇന്ത്യയിൽ കൂടുതൽ ശക്തിപ്പെട്ടും ഇരുന്നു. അയിത്തക്കാരുടെ നിഴലുകൾകൊണ്ടുപോലും അവിടേയുള്ളവർ തീണ്ടപ്പെട്ടിരുന്നു. നിരത്തുകളിൽക്കൂടി നടക്കാൻപോലും പാടില്ലായിരുന്നു. ഗാന്ധിജിയുടേയും ബാപ്പയുടേയും നേതൃത്വത്തിൽതന്നെ എത്രയെത്ര ഹരിജൻ ജാഥകൾ ഹരിജൻ സേവാസംഘത്തിനു ഈ സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി നയിക്കേണ്ടിവന്നു. സമുദായ നേതാക്കന്മാരാലും അധികാരിവൎഗ്ഗങ്ങളാലും അധികം ഗ്രാമങ്ങളിലും ഹരിജനങ്ങൾ വഞ്ചിക്കപ്പെട്ടിരുന്നു. ഇങ്ങിനെ മറ്റിതരാണെങ്കിലും, പ്രചോദനം നൽകിയാൽതന്നെ പല

പ്പോഴും മുന്നോട്ടുവരാൻ അവർ മടികാണിച്ചിരുന്നു. അവരുടെ സാമ്പത്തികസ്ഥിതിയും വളരെ ശോചനീയമായിരുന്നു. ഗാന്ധിജി പറയാറുണ്ടായിരുന്നു.

"ഹരിജനങ്ങൾ സാമുദായികമായി അയിത്തക്കാരാണ്. സാമ്പത്തികമായാണെങ്കിൽ അടിമകളേക്കാൾ കഷ്ടപ്പെടുന്നവരുമാണ്. ധാർമ്മികമായാണെങ്കിൽ ഈശ്വരൻെറ നിവാസസ്ഥാനങ്ങളായി നാം കണക്കാക്കുന്ന ക്ഷേത്രങ്ങളിൽ അവക്കു പ്രവേശനവുമില്ല."

ശ്രീ. ബാപ്പാ തൻെറ പര്യടനംകൊണ്ടു ഇവ അനുഭവപാഠമാക്കി.

കുറച്ചു മാസങ്ങൾകൊണ്ടു സംഘത്തിൻെറ സംസ്ഥാനശാഖകൾ ഭംഗിയായി സംഘടിപ്പിക്കപ്പെട്ടു 22 സംസ്ഥാനശാഖകളും 178 ജില്ലാ കമ്മിററികളും പ്രവർത്തനമാരംഭിച്ചതോടെ രാജ്യം മുഴുവനും സംഘത്തിൻെറ ആഹ്വാനത്തിന് ഉണർന്നെഴുന്നേററു.

അയിത്തോച്ചാടന പ്രസ്ഥാനം കൂടുതൽ പരിശുദ്ധവും ദൃഢമൂലവുമാക്കുവാൻവേണ്ടി 1933 മെയ് മാസത്തിൽ ഗാന്ധിജി 21 ദിവസത്തെ ഉപവാസമെടുക്കുവാൻ തീരുമാനിച്ചു. വളരെ പരിശ്രമിച്ചിട്ടും അദ്ദേഹം തൻെറ നിശ്ചയത്തിൽ ഉറച്ചുനില്ക്കുകയാണുണ്ടായതു്. തക്കർബാപ്പാ, ഗാന്ധിജിയുടെ ഈ ഉപവാസം ഈശ്വരേച്ഛയായി കണക്കാക്കി, അയിത്തോച്ചാടന പ്രവർത്തനം കൂടുതൽ നന്നായി നടത്തുവാനുള്ള സംരംഭത്തിൽ ഏർപ്പെട്ടു. ഒരു ലേഖനത്തിൽ അദ്ദേഹം എഴുതി:—

"ഇപ്പോൾ നമ്മുടെ കണ്ണുകൾ അല്പം തുറന്നിട്ടുണ്ട്. ഗാന്ധിജിയുടെ ഈ നിരാഹാരവ്രതത്താൽ നമ്മുടെ ആലസ്യം നീക്കപ്പെട്ടുവെന്നു തോന്നുന്നു. ഇത്രയും വലിയ ഒരു മഹാവിപത്തിനുമുമ്പിൽ എങ്ങിനെയാണ് അയിത്തോച്ചാടനപ്രവൎത്തനം അഭിവൃദ്ധിപ്പെടുത്തേണ്ടതെന്നു നാം ചിന്തിക്കണം. ഇതെല്ലാം ഒരു നാലു ദിവസത്തെ തമാശയായി പര്യവസാനിക്കില്ലെന്നും ഗാന്ധിജി നിരാഹാരവ്രതം അവസാനിപ്പിച്ച ശേഷവും ഉത്സാഹപൂൎവ്വം നാം ഹരിജൻ പ്രവൎത്തനം തുടരുമെന്നും ആശിക്കുക. കഷ്ടപ്പെടുന്ന വർഗ്ഗത്തിൻെറ 'നാശകര'മാകുന്ന പ്രളയാഗ്നിയിൽനിന്നു സ്വയം രക്ഷപ്പെടണമെങ്കിൽ നാം ഇപ്പോൾതന്നെ ഉണൎന്നു ജാഗരൂകരായി പ്രവൎത്തിക്കേണ്ടിയിരിക്കുന്നു."

മെയ് 29-ാംനു- 21 ദിവസത്തെ ആ ഉപവാസം പര്യവസാനിച്ചു. ആ ശുഭാവസരത്തിൽ ബാപ്പ പറഞ്ഞു: "ഇനി ഹരിജനസേവനം കൂടുതൽ ശക്തിയോടെ, കൂടുതൽ ധാൎമ്മികബോധത്തോടെ, രാജ്യം മുഴുവൻ നടത്തപ്പെടും. ഇതിൽ ഈ രാഷ്ട്രനിവാസികളെല്ലാം പങ്കെടുക്കുകയും ചെയ്യും. ഇത്രയും പറയുന്നതു് എൻെറ ഗൎവ്വായി പരിഗണിക്കുകയില്ലെന്നാശിക്കുന്നു. ഈ പ്രസ്ഥാനത്തിന് ഏതു് ധൎമ്മബോധമാണോ ഇത്രയും പിന്തുണനല്കിയതു്, അതു് കെട്ടടങ്ങുകയില്ല, പ്രസ്ഥാനത്തിൻെറ വിജയംവരെ കത്തിജ്വലിക്കും. ഹരിജനങ്ങളെ പൂൎണ്ണമായും നമ്മോടൊപ്പം ഉയൎത്തിയെന്ന ആശ ഈശ്വരൻ പൂൎത്തീകരിക്കട്ടെ!" ഗാന്ധിജി അയിത്തോച്ചാടന പ്രവൎത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ

വേണ്ടി രാജ്യം മുഴുവനും ഒരിക്കൽ സഞ്ചരിക്കുകയാണെങ്കിൽ അതു് പ്രസ്ഥാനത്തിനു് ഗതിവേഗം കൂട്ടുമെന്നു് തക്കർബാപ്പക്കുതോന്നി. അദ്ദേഹം ആ വിവരം ഗാന്ധിജിക്കെഴുതുകയുംചെയ്തു. ബാപ്പയുടെ ഈ അഭിപ്രായം ഗാന്ധിജിക്കിഷ്ടമായി. എവിടെയെല്ലാമാണു് സഞ്ചരിക്കേണ്ടതു് എന്നു് തീച്ച്പ്പെടുത്തി പരിപാടി തയ്യാറാക്കിക്കൊള്ളുവാൻ ഗാന്ധിജി ബാപ്പക്കെഴുതി. ബാപ്പ സന്തുഷ്ടനായി.

ഉടനെ ഒമ്പതുമാസം നീണ്ടുനില്ക്കുന്ന ഒരു സഞ്ചാരപരിപാടി അദ്ദേഹം തയ്യാറാക്കി. ചരിത്രപ്രധാനമായ ഗാന്ധിജിയുടെ ഈ യാത്ര 1933 നവമ്പർ 9-ാംനു- വാർദ്ധയിൽ ജമൻലാൽജിയുടെ താമസസ്ഥലത്തുനിന്നാരംഭിച്ചു. ആ യാത്ര തികച്ചും ഒരു ചരിത്രം കുറിച്ചു. അനേകായിരം യോഗങ്ങളിൽ ഗാന്ധിജി സംസാരിച്ചു, അങ്ങിനെ ലക്ഷക്കണക്കിനു് ആളുകളുടെ ഹൃദയപരിവത്തനം സാധിച്ചു. എത്രയോ അമ്പലങ്ങൾ, സത്രങ്ങൾ, കിണറുകൾ എന്നിവ ഹരിജനങ്ങൾക്കായി തുറക്കപ്പെട്ടു. ഗാന്ധിജിയുടെ കയ്യിൽ ഹരിജൻ സേവനത്തിനായി എത്രയോ ധനം അപ്പിക്കപ്പെട്ടു. സവണ്ണർ, അയിത്തമാകുന്ന പാപം ആചരിച്ചതിനു് പ്രായശ്ചിത്തംചെയ്തു. ഹരിജനങ്ങൾതന്നെ മുന്നോട്ടുവന്നു സാധാരണ പൌരാവകാശങ്ങൾ ഉപയോഗപ്പെടുത്തുവാൻ തയ്യാറായി. ചില സ്ഥലങ്ങളിൽ സങ്കുചിതമനസ്കരായ സനാതനികൾ ചില പ്രതിഷേധപ്രകടനങ്ങളും ഏപ്പെടുത്തുകയുണ്ടായി. കാശിയിലെ ശ്രീ ലാൽനാഥ് സ്വാമികളും അദ്ദേഹത്തിന്റെ അനുയായികളും കൂടെക്കൂ

ടെ ബുദ്ധിമുട്ടുണ്ടാക്കിക്കൊണ്ടിരുന്നു. പൂനയിൽ ധർമ്മാന്ധ നായ ഏതോ ഭ്രാന്തൻ ഗാന്ധിജിയുടെ കാറിൽ ബോംബെ റിയുകകൂടിയുണ്ടായി. പക്ഷെ, ആ കാറിൽ അദ്ദേഹം ഇല്ലാ യിരുന്നു. വൈദ്യനാഥ്ധാമിന്നടുത്തുവെച്ച് കുറച്ചു പാ ണ്ഡകൾ ഗാന്ധിജിയുടെ വണ്ടിയെ ലാത്തികളുമായി ആ ക്രമിച്ചു. പക്ഷെ•ഈശ്വരകൃപയാൽ അദ്ദേഹത്തിനൊന്നും പററിയില്ല. ഗാന്ധിജിക്ക് ഇനിയും എന്തെങ്കിലും പററി യേക്കുമോ എന്നു ബാപ ഭയപ്പെട്ടു. പക്ഷെ ഇത്തരം അ വസരങ്ങളിൽ അദ്ദേഹം സമാധാനിക്കാറുണ്ടായിരുന്നതു്, “ഈശ്വരാജ്ഞയാലാണല്ലോ ബാപുജി ഈ യാത്ര ഏററെ ടുത്തിട്ടുള്ളതു്. അതിനാൽ അദ്ദേഹത്തിൻെറ രോമത്തി നുകൂടി ഹാനിതട്ടില്ല” എന്നായിരുന്നു.

ഒറീസ്സയിലെ പര്യടനം കാൽനടയായി നടത്തുന്നതു് നന്നായിരിക്കുമെന്നു ഗാന്ധിജി കരുതി. ഇതിനാൽ വിവേക ശൂന്യരായ സനാതനികൾക്ക് പ്രതിഷേധപ്രകടനത്തിനു് അവസരം കുറയും എന്നു മാത്രമല്ല ജനസീഡിനിൽ സ്വന്തം കൂട്ടുകാൎക്കും നിർദ്ദോഷികളായ അല്പം പേൎക്കും എങ്ങിനെ മറ്റുനമേററുവോ അത്തരം സംഭവങ്ങളിൽനിന്നു് മുക്തിയുമു ണ്ടാകും. ബാപ ആദ്യം ഈ അഭിപ്രായത്തോടു് യോജി ച്ചില്ല. പക്ഷെ, ഒടുവിൽ യോജിക്കുകയുംചെയ്തു. പുരിതൊട്ടു ഭദ്രക്ൾവരെ ഗാന്ധിജി തൻെറ നിശ്ചയമനുസരിച്ചു് കാൽ നടയായിത്തന്നെ സഞ്ചരിച്ചു. കട്ടക്ൾവരെയാണെന്നു തോ ന്നുന്നു ബാപയും ഈ യാത്രയിൽ ഗാന്ധിജിയെ പിന്തുടൎന്നി

രുന്നു. ആദ്യത്തെ ദിവസം അഞ്ചുനാഴിക ഗാന്ധിജിയോടൊപ്പം സഞ്ചരിച്ചപ്പോഴേക്കും ബാപയുടെ കാലുകളിൽ നീരുവന്നു. ഗാന്ധിജിതന്നെ ബാപയുടെ കാലടികളിൽ ആദ്യം ചൂടുവെള്ളംകൊണ്ടും പിന്നെ ഉപ്പുവെള്ളംകൊണ്ടും കഴുകി, സ്വന്തം മുന്നിൽനിന്നുതന്നെ നെയ് പുരട്ടി തലോടിച്ചു. പിറെറദിവസംതൊട്ട് കാളവണ്ടിയിലാണ് ബാപ സഞ്ചരിച്ചതു്. ഒറീസ്സയിൽ ഈ യാത്രയുടെ ഫലമായി സവർണ്ണരിലും ഹരിജൻ സേവകൻമാരിലും ഉണ്ടാക്കാൻ കഴിഞ്ഞ ഉണർവ്വ് മററുവിധത്തിലായിരുന്നു യാത്രയെങ്കിൽ ഉണ്ടാക്കാൻ കഴിയുമായിരുന്നില്ല.

ദേശവ്യാപകമായ ഈ യാത്ര ഒമ്പതുമാസത്തോളം നീണ്ടുനിന്നു. ഏതാണ്ട് ഒമ്പതുലക്ഷം ഉറുപ്പിക ഹരിജൻ ഫണ്ടിലേക്ക് ശേഖരിക്കപ്പെട്ടു. ഗാന്ധിജിയുടെ യാത്ര അവസാനിച്ചു. പക്ഷെ ബാപയുടെ യാത്ര എങ്ങിനെ അവസാനിക്കാനാണ്? അതിന്നവസാനമുണ്ടായിരുന്നില്ല. 200 നാഴികയോളം ബസ്സിൽതന്നെ തുടർച്ചയായി അദ്ദേഹം യാത്രചെയ്തിരുന്നു. സിന്ധിലെ രെഗിസ്ഥാനിൽ ഒട്ടകപ്പുറത്തുകയറി നൂറുകണക്കിന് നാഴിക അദ്ദേഹം സഞ്ചരിച്ചു ഹരിജനകാര്യങ്ങൾക്കായി ബാപ നാലും അഞ്ചും അതിലധികവും പ്രാവശ്യം സന്ദർശിക്കാത്ത ഇന്ത്യയുടെ ഭാഗങ്ങൾ ചുരുങ്ങും. പ്രസംഗിക്കുക അദ്ദേഹം പതിവില്ലായിരുന്നു. പ്രവർത്തിക്കുക എന്നതായിരുന്നു അദ്ദേഹത്തിൻെറ മുദ്രാവാക്യം. എല്ലാ സംഗതികളും ചോദിച്ചറിഞ്ഞു് ലളിതമായ ഭാഷയിൽ അല്പം ചിലതു് പറഞ്ഞിരുന്നു.

മററുള്ളവക്ക് കാര്യമറിയാൻ ആവശ്യമായത്രമാത്രം. പക്ഷെ അദ്ദേഹത്തിൻെറ ഹൃദയത്തിൽനിന്നും പുറപ്പെട്ട വാക്കുകഠം അദ്ദേഹത്തിൻെറ കാരുണ്യത്തിൻെറയും സ്വഭാവദാർഢ്യത്തിൻെറയും ദൃഷ്ടാന്തങ്ങളായിരുന്നുവെന്നുമാത്രം. അദ്ദേഹത്തോടൊപ്പം ജോലിചെയ്തവർ അദ്ദേഹത്തിൽനിന്ന് പഠിച്ച മുഖ്യസംഗതി അദ്ദേഹത്തിൻെറ കാര്യങ്ങളുടെ പൂണ്ണഗ്രാഹ്യതയായിരുന്നു. പൊതുജീവിത്തിൽ വ്യക്തമായി കണക്കു സൂക്ഷിക്കുന്നതിനു ബാപ്പ വളരെ പ്രാധാന്യം നൽകിയിരുന്നു. ബാപ്പയുടെ വാത്സല്യപാത്രമായിരുന്ന ശ്രീ ശ്യാമലാൽജി അനുസ്മരിക്കുകയാണ്:—അദ്ദേഹത്തെ ഏല്പിച്ചിരുന്നതോ, അദ്ദേഹത്തിന് ബന്ധമുള്ളതോ ആയ ഒരു പൊതുഫണ്ടിൻെറയും ദുരുപയോഗമോ ദുർവ്യയമോ അദ്ദേഹം പൊറുക്കുമായിരുന്നില്ല. അനീതിയുടെനേരെ അദ്ദേഹത്തിൻെറ കണ്ണുകഠം ചുവക്കുമായിരുന്നു. ഹരിജൻ സേവക്സംഘത്തിൽതന്നെ ഇങ്ങിനെ ചെറിയ ചെറിയ തുകകഠം ദുരുപയോഗപ്പെടുത്തിയ ഒന്നുരണ്ടവസരങ്ങഠം ഉണ്ടായിരുന്നു. ഒന്നൊരു വഞ്ചന, മററതാകട്ടെ ഒന്നിന് നിശ്ചയിച്ച തുക മറെറാന്നിന് ചിലവഴിക്കൽ. ബന്ധപ്പെട്ട ആളെ ദില്ലിയിൽ ഗാന്ധിജിയുടെ അരികെ ഹാജരാക്കി. രണ്ടുപേരും സ്വന്തം പരിതസ്ഥിതികഠം ഗാന്ധിജിയെ പറഞ്ഞുകേഠംപ്പിച്ചു. ഗാന്ധിജി അവരുടെ വാദഗതികഠം ശ്രദ്ധിക്കുകയായിരുന്നു. അവരുടെ ദൃഷ്ടികോണിലൂടെ അതു് ന്യായീകരിക്കാമോ എന്നു് ശ്രദ്ധിക്കുകയായിരുന്നു. പക്ഷെ ബാപ്പാക്ക് ഇതു് സഹിച്ചില്ല.

അദ്ദേഹം പെട്ടെന്ന് ഗാന്ധിജിയോട് പറഞ്ഞു: "അങ്ങ് എന്തിനാണ് ഇത്രയും സമയം നഷ്ടപ്പെടുത്തുന്നത്? ഇവരോട് ദയകാണിക്കേണ്ട ആവശ്യമില്ല. അവരെ ഉടനെ ജയിലിൽ അയക്കുകയാണ് വേണ്ടത്." പൊതുഫണ്ടിന്റെ സദുപയോഗത്തിലും കണക്കുവെക്കുന്നതിലും ബാപ്പുജി വളരെ ശ്രദ്ധാലുവായിരുന്നു. പക്ഷെ ഇക്കാര്യത്തിൽ ബാപ കൂടുതൽ ശ്രദ്ധാലുവായിരുന്നു.

1933 ജൂൺ മാസക്കാലം. പൂനയിൽ ഹരിജൻ സേവക്സംഘം സെൻട്രൽ ബോർഡ് യോഗം നടന്നുകൊണ്ടിരിക്കയായിരുന്നു. ബാപ്പുജി 21 ദിവസത്തെ നിരാഹാരവ്രതത്തിനുശേഷം പർണ്ണകുടിയിൽ ആരോഗ്യം വീണ്ടെടുക്കുകയായിരുന്നു. ഒരു ദിവസം യോഗം ബാപ്പുജിയുടെ സന്നിധിയിൽ ചേർന്നു. സംഘത്തിന്റെ വരവുചിലവു കണക്ക് ആലോചനക്കു വന്നു: ബാപ്പുജി പറഞ്ഞു "തക്കർബാപാ സിക്രട്ടറിയായിരിക്കുന്നതുകൊണ്ടുതന്നെ ഹരിജൻ ഫണ്ടിന്റെ സദുപയോഗവും നിലനില്പുമുണ്ടാകും. എനിക്കു കണക്കു നോക്കേണ്ട ആവശ്യമില്ല."

ഒരിക്കൽ ചില പ്രാദേശിക പ്രവർത്തകർ തക്കർബാപക്കു ആതിത്ഥ്യം നല്കിയ കണക്ക് അദ്ദേഹം കാണാനിടയായി. അന്നവർക്കു കിട്ടിയ താക്കീതു് അവരുടെ ജീവാവസാനംവരെ അവർക്കു മറക്കാൻ കഴിയില്ല. പൊതുഫണ്ടിൽനിന്നുണ്ടായ ആ ചിലവ് മടക്കി അടക്കേണ്ടതായി വന്നുവെന്നു മാത്രമല്ല, പിന്നീട് കേന്ദ്രആപ്പീസിൽനിന്ന്

ആരെങ്കിലും പുറത്തുപോയാൽ ആ ശാഖാ ആപ്പീസുകാരുടെ ആതിഥ്യം സ്വീകരിക്കരുതെന്നു നിർദ്ദേശം നൽകുകയുണ്ടായി. സ്വന്തമായി ഏർപ്പാടു ചെയ്യണമെന്നായിരുന്നു വ്യവസ്ഥ.

ചിലർ പൊതുപണം സത്യസന്ധമായിതന്നെ ചിലവു ചെയ്യും. പക്ഷെ കണക്കുവെക്കില്ല. ചിലർ കണക്കു വൃത്തിയായി വെക്കും. പക്ഷെ ചിലവു ശരിയായിരിക്കുകയില്ല. പണം സത്യസന്ധമായി ചിലവു ചെയ്യുകയും കൃത്യമായി കണക്കുവെക്കുകയും ചെയ്തിരുന്ന അല്പം മഹാപുരുഷന്മാരിൽ ഒരാളായിരുന്നു ബാപാ.

1932 മുതൽ 1951വരെ ജീവിതത്തിൻെറ അന്തിമ നിമിഷംവരെ തക്കർബാപാ അസ്പൃശ്യതയാകുന്ന കളങ്കം കഴുകിക്കളയുവാനും അടിച്ചമർത്തപ്പെട്ട ഹരിജനങ്ങളെ ഉയർത്തുവാനും കഠിനാദ്ധ്വാനം ചെയ്തു. അദ്ദേഹത്തിൻെറ ആ പ്രയത്നഫലമാണ് ഇന്ന് അങ്ങിങ്ങ നാം കാണുന്നതു്. ഹരിജൻ സേവക്സംഘത്തിനു കിട്ടിയ സല്യശസ്സിൽ ബാപുവിൻെറ പ്രേരണയും ബാപായുടെ തപശ്ശക്തിയുമാണുള്ളതു്. അസ്പൃശ്യതയുടെ അജയ്യദുർഗ്ഗമായി കണക്കാക്കിയിരുന്ന തെക്കെ ഇന്ത്യയിലെ പ്രധാന ക്ഷേത്രങ്ങൾ ഹരിജനങ്ങൾക്കായി തുറന്നുകൊടുക്കപ്പെട്ടതു് ഒരു സാധാരണ കാര്യമാണോ? കോൺസ്റ്റിററ്യുവൻറ് അസംബ്ലി 17ാം വകുപ്പിലെ ഉപവകുപ്പു മുഖേന അയിത്തം കുററകരമാക്കുന്നതിൽ ബാപുവിനും ബാപക്കുമുള്ള മഹത്തായ പങ്കിൽ

ആക്കെങ്കിലും സംശയമുണ്ടോ. സവർണ്ണരാൽ അവമാനിതരും അടിച്ചമർത്തപ്പെട്ടവരുമായ ഈ അധഃസ്ഥിതരെ മുന്നോട്ടു കൊണ്ടുവരുവാനും ശോഭനമായ ഒരു ഭാവി അവൎക്കുവേണ്ടി കെട്ടിപ്പടുക്കുവാനും മുപ്പതു മുപ്പത്തഞ്ചു കൊല്ലത്തോളം തുടൎച്ചയായി ശ്രീ ബാപാ ചെയ്ത പരിശ്രമങ്ങൾ മറക്കുക വയ്യ. രചനാത്മകവും പ്രചരണാത്മകവുമായ രണ്ടുതരം പ്രവൃത്തികളും അദ്ദേഹത്തിനു അറിഞ്ഞിരുന്നു. രണ്ടു പ്രകാരേണയും ലക്ഷ്യപ്രാപ്തിക്ക് വേണ്ടി അദ്ദേഹം ഗതിവേഗം കൂട്ടി. കേന്ദ്രത്തിലും സ്റ്റേററിലും സ്വയംഭരണം സ്ഥാപിതമായതോടെ ഹരിജനങ്ങളുടെ അഭിവൃദ്ധിക്കു ചെയ്യേണ്ടതെന്തെന്നു നിരന്തരം അദ്ദേഹം അവരെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു ആദ്യത്തേതിലും ശുഷ്കാന്തിയോടെ അക്കാലം അദ്ദേഹം പ്രവൃത്തിച്ചുപോന്നു. മററുള്ളവരെക്കൊണ്ടു പ്രവൃത്തിപ്പിക്കുകയും ചെയ്തു.

1950-ൽ ഹരിജൻ സേവക്സംഘം സെൻട്രൽ ബോർഡ് യോഗം ചേൎന്നുകൊണ്ടിരുന്നപ്പോൾ ഭവനഗറിൽ രോഗശയ്യയിലായിരുന്നു അദ്ദേഹം. എന്നിട്ടും ആവേശജനകങ്ങളായ രണ്ടു സന്ദേശങ്ങൾ അദ്ദേഹം അയക്കുകയുണ്ടായി അതിൽ പറഞ്ഞിരുന്നു:—

"ബാപുജി ഹിന്ദുമതത്തിൽനിന്നു അസ്പൃശ്യതയുടെ കളങ്കം മാച്ചുകളയുവാൻ എടുത്തിരുന്ന പ്രതിജ്ഞ ഇനിയും പൂൎണ്ണമായും നിറവേററിക്കഴിഞ്ഞിട്ടില്ല. നിയമംമുഖേന കിണർ കുളം തുടങ്ങിയവയിൽനിന്നു വെള്ളമെടുക്കു

വാൻ അവക്കു അധികാരം കിട്ടിക്കഴിഞ്ഞിട്ടുണ്ടു്. പക്ഷെ സാധാരണയായി അവക്കു ഈ അവകാശം ഉപയോഗിക്കുന്നതിൽ സവർണ്ണരിൽനിന്നു ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടു്. ഇവ പരിഹരിച്ചു് ആ അവകാശങ്ങളെ ഉപയോഗിക്കത്തക്ക പരിതഃസ്ഥിതി ഉണ്ടാക്കേണ്ടതു് ഹരിജൻ സേവക്സംഘം പ്രവത്തകരുടെ കടമയാണു്. അതിനു നമുക്കു നമ്മുടെ ആപ്പീസുകൾ പട്ടണത്തിൽനിന്നു ഗ്രാമത്തിലേക്കു് കൊണ്ടുവരേണ്ടിവരും. എന്തെന്നാൽ ഹരിജനങ്ങൾക്കു അധിക ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതു് ഗ്രാമങ്ങളിലാണു്."

## മലബാറിൽ

1943-ൽ ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഭയങ്കരമായ ക്ഷാമം അനുഭവപ്പെടുകയുണ്ടായി. കണ്ണാടകം, മലബാർ, തിരുകൊച്ചി എന്നിവിടങ്ങളിലും ഒറീസ്സയിലും ബങ്കാളിലുമായിരുന്നു അതു കരാളമായ രൂപം കൈക്കൊണ്ടതു്. ഇതിൽ ബങ്കാളിലും മലബാറിലുമായിരുന്നു സവ്വനാശകാരിയായ അതിൻെറ രൂപം പ്രത്യക്ഷപ്പെട്ടതു്. 35 ലക്ഷത്തോളം ജനങ്ങൾ ബങ്കാളിൽ ഇതിൻഫലമായി മരിച്ചുവീണു.

മലബാറിലെ സംഗതികൾ നമുക്കു വ്യക്തമാണല്ലോ. ക്ഷാമത്തിനുപുറമെ കോളറയും നമ്മുടെ നാട്ടിനെ ഗ്രസിച്ചു. ഗ്രാമങ്ങളിൽ ജനങ്ങൾ ചത്തൊടുങ്ങുവാൻ തുടങ്ങി. ശവം മറവുചെയ്യുവാൻ ആളില്ലായിരുന്നു. മരിക്കുമ്പോൾ ഒരു തുള്ളി വെള്ളം കൊടുക്കുവാൻപോലും കുടുംബത്തിനു കഴി

വുമില്ലായിരുന്നു. ബസ്സ്സ്റ്റാൻറിലും, പീടികക്കോലായിലു മായി മനുഷ്യപ്രേതക്കോലങ്ങളും പിഞ്ചിളംകിടാങ്ങളും നിറഞ്ഞുനിന്നു. ഈ ദുഃസ്ഥിതിക്കു പരിഹാരത്തിനു ബാപ്പ മലബാറിൽ പാഞ്ഞെത്തി. ഇവിടെ ദുരിതനിവാരണം സംഘടിപ്പിച്ചു. ലക്ഷക്കണക്കിനു ഉറുപ്പിക പുറമെനിന്നു അദ്ദേഹത്തിൻെറ ആഹ്വാനമനുസരിച്ചു എത്തിച്ചേൎന്നു. ശ്രീ. വി. ആർ. നായനാരോടൊപ്പം അദ്ദേഹം പലേ സ്ഥലങ്ങളും ചുററി സഞ്ചരിച്ച് വസ്തുതകൾ നേരിട്ടു കണ്ടറിഞ്ഞു. അതിൻഫലമായാണ് അച്ഛനമമ്മയുമില്ലാത്ത നിരവധി ബാലന്മാരെ വളൎത്തിയെടുക്കുവാൻ S. I. S. ബാലസദനങ്ങൾ അദ്ദേഹം സ്ഥാപിച്ചതു്. ഇവയാണ് പിന്നീട് നായനാൎക്കുശേഷം, നായനാർ ബാലസദനങ്ങളെന്നു പ്രസിദ്ധങ്ങളായതു്.

ബങ്കാളിലേയും ക്ഷാമപീഡിതരുടെ ദുസ്ഥിതികണ്ട് ബാപ്പയുടെ ഹൃദയം അലിഞ്ഞുപോയി. അച്ഛനമ്മമാർ അവിടെ പട്ടിണികൊണ്ട് സ്വന്തം കുഞ്ഞുങ്ങളെ രണ്ടും മൂന്നുമുറുപ്പികക്ക് വിററുകൊണ്ടിരിക്കുന്നുവെന്നും, ഭാൎയ്യ ഭൎത്താവിനേയും ഭൎത്താവ് ഭാൎയ്യയേയും ഉപേക്ഷിച്ചുപോയ്ക്കൊണ്ടിരിക്കുന്നുവെന്നും മററും കേട്ട് ബാപ്പ പൊട്ടിക്കരഞ്ഞുപോയി. ശ്രീമതി രാമേശ്വരി നെഹ്റുവോടൊപ്പം ബങ്കാളിലും ഒറീസ്സയിലും ക്ഷാമപീഡിതപ്രദേശങ്ങൾ അദ്ദേഹം നടന്നുകണ്ടു. ആ കാഴ്ചകളെ അദ്ദേഹം സവിസ്തരം പത്രങ്ങളിലെഴുതി. അതിൻഫലമായി സൎക്കാരും ജനങ്ങളും അവസരത്തിനൊത്തുണൎന്നു. ഗവൎമ്മേണ്ടിനെ പിടിച്ചുകുലു

ക്കിയതു് അദ്ദേഹത്തിൻെറ പ്രസ്താവനകളായിരുന്നു. ഒറീസ്സയിലെ ദുരിതനിവാരണ കമ്മിററിയുടെ അദ്ധ്യക്ഷൻ തന്നെ അദ്ദേഹമായിരുന്നു. എത്രമാത്രം കത്തവ്യബോധത്തോടെയാണ് ഈ സമിതി പ്രവത്തിച്ചതെന്നു് ഒറീസ്സയിലെ ജനങ്ങൾ ഇന്നും സ്മരിക്കുന്നു.

## കസ്തൂർബാ നിധി

1944 ഫെബ്രുവരി 22-ാംനു- ആഗാഖാൻ കൊട്ടാരത്തിൽവെച്ചു് കസ്തൂർബാഗാന്ധി മരിച്ചു. രാജ്യമാസകലം ആ ദുഃഖവാത്തയിൽമുങ്ങി. ആ പുണ്യശാലിനിയുടെ സ്മരണക്ക് 'കസ്തൂർബാ സ്മാരകനിധി' ഏപ്പെടുത്തണമെന്ന് സ്വാഭാവികമായും എല്ലാവരും ആഗ്രഹിച്ചു. മാളവ്യജി മഹാരാജിൻെറ നേതൃത്വത്തിൽ കസ്തൂർബാ സ്മാരകനിധി രൂപീകരിക്കപ്പെട്ടു. 1944 ഒക്ടോബർ 2-ാംനു-ക്ക് ഗാന്ധിജിക്ക് 75 ലക്ഷം രൂപയുടെ ഒരു പണക്കിഴി സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമകാര്യങ്ങൾക്കായി നൽകുവാൻ തീരുമാനിച്ചു. തക്കർബാപ ഈ ട്രസ്റ്റിയുടെ കാര്യദശിയായി നിശ്ചയിക്കപ്പെട്ടു.

തക്കർബാപ രാത്രിയും പകലും അതിനുവേണ്ടി പണിയെടുത്തു. ഗാന്ധിജി, ജവഹർലാൽ തുടങ്ങിയവർ ജയിലിൽ ബന്ധനത്തിലായിരുന്നു. പൊതുവിൽ ദേശകാലസ്ഥിതി അനുകൂലമല്ലായിരുന്നു. എന്നാലും 75 ലക്ഷം പിരിക്കുക ഒരു വിഷമമുള്ള പണിയല്ലെന്നു ബാപക്കറിയാമായിരുന്നു. എന്നതുപോലെത്തന്നെ 75 ലക്ഷത്തിനു് പകരം

1 കോടിയിലധികം പണം പിരിഞ്ഞു. ആദ്യനിശ്ചയമനുസരിച്ച് ഗാന്ധിജയന്തി ദിവസം (1944 ഒക്ടോബർ 2-ാംനു-) ബാപതന്നെ ഗാന്ധിജിക്ക് ആ കിഴി സമപ്പിച്ചു. ഗാന്ധിജിയുടെ അദ്ധ്യക്ഷതയിൽ കസ്തൂർബാനിധി ട്രസ്റ്റ് രൂപീകൃതമായി. ഭാരതത്തിലെ ലക്ഷക്കണക്കിന് ഗ്രാമങ്ങളിൽ സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമകാര്യങ്ങൾക്കായി, ബാപയുടെ നേരിട്ട് മേൽനോട്ടത്തിൽ പ്രവത്തനമാരംഭിച്ചു, വിപുലീകരിച്ചു, അഭിവൃദ്ധിപ്പെടുത്തി. ഗാന്ധിജി ബാപയെ ഈ നിധിയുടെ ആജീവനകാര്യദശിയായി നിശ്ചയിച്ചു. ഗാന്ധിജി പറയാറുണ്ടായിരുന്നു.

"ഈ നിധി ഉപയോഗിക്കുന്ന കാര്യത്തിൽ എൻെറ അഭിപ്രായവും തക്കർബാപയുടെ അഭിപ്രായവും യോജിക്കാതെ എപ്പോഴെങ്കിലും വരികയാണെങ്കിൽ ബാപയുടെ അഭിപ്രായമാണ് സ്വീകരിക്കേണ്ടതു്. അങ്ങിനെ ആ കാര്യങ്ങൾ മംഗളമായി നടക്കണം."

ഈ നിധി കുടുംബശുശ്രൂഷ, പ്രസവശുശ്രൂഷ തുടങ്ങി വിവിധതരത്തിലുള്ള ഗ്രാമസേവനങ്ങൾക്ക് പരിശീലനം കൊടുത്ത് ലക്ഷക്കണക്കിന് ഗ്രാമസേവികമാരെ തയ്യാറാക്കുവാൻ തീരുമാനിച്ചു. അതു് ഇന്ന് അതാതിടങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു.

## നവഖാലി

1946-ൽ മുസ്ലിംലീഗ് ഭരണകാലത്തു് പൂർവ്വബംഗാളിൽ നവഖാലിയിൽ ഉണ്ടായ അമാനുഷികമായ അതിക്ര

മങ്ങളുടേയും കൂട്ടക്കൊലകളുടേയും വർത്തമാനംകേട്ടു ഗാന്ധിജി ഞെട്ടിപ്പോയി. ആ സാമുദായികാസ്വാസ്ഥ്യങ്ങൾ നശിപ്പിക്കുവാനായി ഗാന്ധിജി ദൽഹിയിൽനിന്ന് പുറപ്പെട്ടപ്പോൾ തക്കർബാപ്പയും അദ്ദേഹത്തോടൊപ്പം പുറപ്പെട്ടു. ഗാന്ധിജിയോടൊപ്പം അദ്ദേഹത്തിൻെറ എല്ലാ യാത്രകളിലും അദ്ദേഹം ഉണ്ടായിരുന്നതാണ്. അക്കാലത്തു ഗാന്ധിജിയോടുണ്ടായിരുന്ന ബാപ്പയുടെ ബഹുമാനാതിരേകം കണ്ടുതന്നെ അറിയേണ്ടതാണ്.

ഒരു ദിവസം ഗാന്ധിജി പറഞ്ഞു തക്കർബാപ്പ മററു സ്ഥലങ്ങളിൽ സഞ്ചരിച്ച് അക്രമത്തിനിരയായി കഷ്ടപ്പെട്ടുന്നവരെ സാന്ത്വനിപ്പിക്കുകയും സഹായം നൽകുകയും വേണമെന്നു. ബാപ്പ ചരമണ്ഡൻ എന്ന ഗ്രാമം തിരഞ്ഞെടുത്തു. ഇവിടെ അദ്ദേഹം പത്തുദിവസത്തോളം താമസിച്ച് പീഡിതരായ ഹരിജനങ്ങൾക്ക് ദുരിതനിവാരണ പ്രവർത്തനം സംഘടിപ്പിച്ചു. 'നാമശ്ശൂദ്' എന്ന ആ പ്രദേശത്തെ നശിപ്പിക്കപ്പെട്ട എല്ലാ ക്ഷേത്രങ്ങളും വീണ്ടും പണിയിക്കുകയും സ്കൂളുകൾ ഏപ്പെടുത്തുകയും അദ്ദേഹം ചെയ്തു.

'ടുക്കുമിയാൻ' എന്ന ഒരു ഗുണ്ട ബാപ്പ ചെയ്യുന്ന ഈ പ്രവൃത്തികൾ അറിഞ്ഞു. മിയാനെ ബാപ്പ പഴിക്കുന്നു വെന്നും ആരോ അദ്ദേഹത്തെ ധരിപ്പിച്ചിരുന്നു. അതിനാൽ ടുക്കുമിയാൻ ബാപ്പ അദ്ദേഹത്തെ ഉടനെ കാണാൻ ചെല്ലുന്നില്ലെങ്കിൽ തല ഉടലിൽനിന്നു വേർപ്പെടുത്തുമെന്നു പറഞ്ഞയച്ചു. ബാപ്പ മറുപടി പറഞ്ഞു "കാര്യം നന്ന് ടുക്കുമിയാന്ന് എൻെറ തല വേർപ്പെടുത്തണമെങ്കിൽ എ

ൻെറ മുമ്പിൽ വരട്ടെ. അതിന്നു ബുദ്ധിമുട്ടുണ്ടെങ്കിൽ ഞാ നങ്ങോട്ടു ചെല്ലാം."

പക്ഷെ യഥാൎത്ഥ സത്യാഗ്രഹിയായ ബാപയുടെ അടുത്തു പോകുവാൻ ടുക്കമിയാൻ ധൈൎയ്യപ്പെട്ടില്ല. ബാപയുടെ ആരോഗ്യം അക്കാലത്തു വളരെ നന്നായിരുന്നില്ല. എന്നിട്ടും നവഖാലിയിലെ കഷ്ടപ്പെടുന്നവരെ അദ്ദേഹം ശുശ്രൂഷിച്ചു. ആ സേവനസ്മരണകൾ അവരുടെ ഹൃദയങ്ങളിൽ ചിരകാലം നിലനില്ക്കും.

## സ്വഭാവഗുണങ്ങൾ

### അവനവൻെറ കാൎയ്യം അവനവൻ ചെയ്യുക

ആഫ്രിക്കയിൽനിന്നു മടങ്ങിവന്ന കാലം. സ്വന്തം ഗൃഹത്തിൽ ബന്ധുമിത്രാദികളുടെ ഇടയിൽ കഴിയുകയായിരുന്നു. അലക്കാൻകൊടുക്കാൻ ആളുവരാതെ വസ്ത്രം കുന്നുകൂടിയിരിക്കുന്നു. അഭിമാനംകൊണ്ടു ആൎക്കും അതു് ധോബിയുടെ വീട്ടിൽ കൊണ്ടുപോയി കൊടുത്തുകൂടാ. വൈകുന്നേരം ധോബിയുടെ വീട്ടിൻെറ പടിക്കൽ കൂടിയാണു് നടക്കുവാൻ പോകുക. തക്കർബാപാ കൂസലില്ലാതെ ആ 'വിഴുപ്പു്' ചുമന്നുകൊണ്ടു ധോബിയുടെ വീട്ടിൽ കൊണ്ടുകൊടുത്തു. മററുള്ളവർ ലജ്ജിച്ചുപോയി.

### ദീനരിൽ ദയ

ജംഷഡ്പൂരിൽ ഒരു ഉരുക്കുനിൎമ്മാണശാല സ്ഥാപിച്ചകാലം, നമ്മുടെ ഗവൎണ്ണർ ശ്രീ. ശ്രീ പ്രകാശ അതു ത

ക്കർബാപയോടൊപ്പം 1919-ൽ സന്ദർശിച്ചു. തക്കർബാപ കണ്ടതു് അവിടത്തെ യാത്രാവിശേഷങ്ങളായിരുന്നില്ല അതിന്നു ചുററുപാടും വെളിച്ചവും, കാററുമില്ലാതെ വളരുന്ന ഗോണ്ഡരുടേയും, ഭീലരുടേയും കുട്ടികളായിരുന്നു. നിസർഗ്ഗസുന്ദരമായ കാട്ടുകളിലെ പൂഞ്ചോലകളിൽ ഓടിക്കളിച്ചിരുന്ന ആ പിഞ്ചുപൈതങ്ങൾ ഫാക്ടറി പരിസരത്തിൽ പ്പെട്ടു് ആരോഗ്യം നശിച്ചു് ദയനീയ സത്വങ്ങളായിതീന്നിരിക്കുന്നു. ഒരു വലിയ വിഭാഗം മരിച്ചുകഴിഞ്ഞിരുന്നു. ഉടനെ തക്കർബാപാ അവരുടെ രക്ഷക്കുവേണ്ടി പ്രവത്തനമാരംഭിച്ചു.

അതുപോലെ ആസ്സാമിലെ ഗോത്രവർഗ്ഗക്കാരുടെ ഇടയിലും. ബ്രിട്ടീഷുകാരുടെ കാലത്ത് ഇവർ ഗവണ്ണരുടെ സ്വത്തായിരുന്നു. മിഷ്യനറിമാക്കല്ലാതെ മററാക്കും അവക്കിടയിൽ പ്രവത്തിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. ഒന്നാമത്തെ ഇന്ത്യൻ ഗവണ്ണർ വരേണ്ടതാമസം, തക്കർബാപാ പ്രവത്തനസ്വാതന്ത്ര്യത്തിന്നെഴുതി; ക്ഷേമപ്രവത്തനമാരംഭിക്കുകയും ചെയ്തു.

ജോലിയുള്ളപ്പോൾതന്നെ ധർമ്മസ്ഥാപനങ്ങൾക്കു ധാരാളം സംഖ്യ അദ്ദേഹം അയച്ചുകൊടുത്തിരുന്നു. 300ക യായിരുന്നു ശമ്പളം. അന്നു 150ക മാസംതോറും കൃത്യമായി പലേ നല്ല സ്ഥാപനങ്ങൾക്കും പ്രവത്തനങ്ങൾക്കുമായി അയച്ചുകൊണ്ടിരുന്നു. ബാക്കി 150കകൊണ്ടു അദ്ദേഹം ജീവിച്ചു.

## എളിയ ജീവിതം

സാധാരണയായി നേതാക്കന്മാരെല്ലാം വൃത്തിയും, ധാരാളം പോഷകാംശങ്ങളുള്ളതും ആയ ഭക്ഷണമാണല്ലോ കഴിക്കുക. തക്കർബാപക്ക പ്രവർത്തനമായിരുന്നു ജീവൻ. തീവണ്ടിയിലും മററും യാത്രചെയ്യുമ്പോൾ സ്റ്റേഷനിൽനിന്നു കിട്ടിയിരുന്ന പൂരിയും, മസ്സാലയുംകൊണ്ടു് അദ്ദേഹം തൃപ്തിപ്പെട്ടിരുന്നു. അതു വൃത്തി പോരാ എന്നൊന്നും അദ്ദേഹത്തിന്നു ആക്ഷേപമുണ്ടായിരുന്നില്ല.

രജപുത്താനയിൽ ഭീലരുടെ ഇടയിൽ പ്രവർത്തനമുണ്ടായിരുന്നു. പലേ കേന്ദ്രങ്ങളിലും, പ്രവർത്തനത്തെ സംഘടിപ്പിച്ചും നിയന്ത്രിച്ചും അദ്ദേഹം സഞ്ചരിക്കുകയായിരുന്നു. ഒരു സ്ഥലത്തുനിന്നു മറേറ സ്ഥലത്തേക്കു പോകുന്നതിലിടയ്ക്കു് അദ്ദേഹത്തിന്നു് കലശലായി ദാഹിച്ചു. അടുത്തു് ഒരു കുണ്ടിൽ കുറച്ചു ചളിവെള്ളമല്ലാതെ ഒരു തുള്ളി നല്ല വെള്ളം എങ്ങും കിട്ടാനില്ല. ബാപാ ഒരു മടിയും കൂടാതെ ആ ചളിവെള്ളം കുടിച്ചു ദാഹം മാററി.

## പ്രവൃത്തി! പ്രവൃത്തി!

ഇന്നത്തെ കേന്ദ്ര മന്ത്രി ശ്രീ. ജഗജ്ജീവൻറാം ഒരിക്കൽ അദ്ദേഹത്തെ ഒരു തീവണ്ടിസ്റ്റേഷനിൽ കാത്തു. സമയം രാത്രി പാതിരയായിരുന്നു. വണ്ടി നിന്നുടനെ ശ്രീ. ജഗജ്ജീവൻറാം മുറികൾ ഓരോന്നായി പരിശോധിക്കാൻ തുടങ്ങി. നോക്കുമ്പോഴുണ്ടു് ഒരു മൂന്നാംക്ലാസ്സ് മുറിയിൽ നിന്നുകൊണ്ടു്—തിക്കമൂലം—അദ്ദേഹം ഡയറി എഴുതുന്നു.

ആപ്പീസ്സിലെ കണക്കുകഠം അന്നന്നു വായിച്ചുകേട്ട ല്ലാതെ ബാപ ഉറങ്ങിയിരുന്നില്ല. രാത്രി പത്തുമണിയായാലും അതു് വായിച്ചുകൊടുക്കേണമെന്നു് ബാപക്കു നിർബ്ബന്ധമായിരുന്നു.

## കുട്ടികഠംക്കൊരു തോഴൻ

സഹപ്രവത്തകക്കു് ആപ്പീസ്സിൽ അദ്ദേഹം ഒരു സിംഹമായിരുന്നെങ്കിൽ കുട്ടികഠംക്കു് അവരുടെ ഉററതോഴനായിരുന്നു. 5 മണി ആകുമ്പോഴേക്കും ബാപയെ കളിക്കാൻ പിടിച്ചുവലിക്കാനെത്തും കുട്ടികഠം. കൂട്ടത്തിൽ ശ്രീ. ദേവദാസ് ഗാന്ധിയുടെ കുട്ടിയുമുണ്ടാകും. പക്ഷെ ബാപക്കു് എളിയവനെന്നും വലിയവനെന്നും വ്യത്യാസമില്ലായിരുന്നു.

## പ്രായോഗികമതി!

മദ്ധ്യപ്രദേശിൽ ബസ്തർ ജില്ലയിൽ മുറിയർ, മറിയർ (Muriar, Mariar) എന്നെല്ലാം വിളിക്കുന്ന ചില കാട്ടുജാതിക്കാരുണ്ടു്. അവരുടെ ചില സ്കൂളുകഠം അദ്ദേഹം സന്ദർശിച്ചു. സ്കൂളിൽ ഒരു മീററിങ്ങുണ്ടായിരുന്നു അവരുടെ പെൺകുട്ടികഠം വളരെ കുറവായെ വിദ്യാഭ്യാസം ചെയ്തിരുന്നുള്ളു. മീററിങ്ങിൽവെച്ചു 1ഉം, 2ഉം, ക്ലാസ്സിൽ പഠിക്കുന്ന ഓരോ പെൺകുട്ടിക്കും മാസംതോറും ഓരോ ഉറുപ്പികയും; 3ഉം, 4ഉം, ക്ലാസ്സിൽ പഠിക്കുന്നവക്കു് ഈരണ്ടു ഉറുപ്പികയും, സ്കോളർഷിപ്പു് കൊടുക്കാമെന്നു് അദ്ദേഹം പറഞ്ഞു. തൽഫലമായി ആയിരത്തിലധികം പെൺകുട്ടികഠം അവിടെ പഠിക്കുവാൻ ചേന്നു!

ആൺകുട്ടികളെക്കാൾ പെൺകുട്ടികളെ പഠിപ്പിക്കു ന്നതിലാണ് അദ്ദേഹം ശ്രദ്ധപതിപ്പിച്ചിരുന്നതു്. ഒരു പെൺകുട്ടി അമ്മയാകേണ്ടവളാണ്. അവൾക്കു് വിദ്യാഭ്യാ സമുണ്ടെങ്കിൽ സ്വന്തം കുട്ടികളെയെങ്കിലും നല്ലപോലെ വളർത്തും. വീട്ടിലെ വിളക്കായി അവൾ മാറും.

## അഭിനന്ദനങ്ങൾ

1949 നവംബർ 29-ാംനു- ബാപ്പൂ തൻെറ പ്രവ ർത്തനപൂർണ്ണമായ ആയുഷ്കാലത്തിൻെറ 80 വർഷം തികഞ്ഞു ആ എൺപതാം പിറന്നാൾ രാജ്യമാസകലം ആഘോഷ പൂർവ്വം കൊണ്ടാടി ബാപ്പുയോടു കൃതജ്ഞത പ്രകടിപ്പിച്ചു. ഇതിനു പത്തുവർഷം മുമ്പു അദ്ദേഹത്തിൻെറ 70-ാം പിറ ന്നാൾ ആഘോഷിച്ചപ്പോൾ ബോംബയിൽ ശ്രീ. സി. രാ ജഗോപാലാചാരിയുടെ അദ്ധ്യക്ഷതയിൽ ഒരു പൌരസ്വീ കരണം നല്കുകയുണ്ടായി. 1,17440കയുടെ ഒരു പണ ക്കിഴിയും സമർപ്പിക്കപ്പെട്ടു. 1949 ലെ ആഘോഷം ദില്ലി യിലായിരുന്നു കൂടിയിരുന്നതു്. സർദാർ വല്ലഭഭായ് പട്ടേൽ യോഗത്തിലദ്ധ്യക്ഷത വഹിച്ചു. രാഷ്ട്രപതി രാജേന്ദ്രപ്ര സാദ്, ജവഹർലാൽ നെഹ്റു, ദാദാസാഹേബ് മവ്‌ലങ്കർ, മൌലാനാ അബുൾകലാം ആസാദ്, ശ്രീ ജഗജ്ജീവൻറാം തുടങ്ങിയവർ അന്നത്തെ യോഗത്തിൽ അദ്ദേഹത്തെ അഭി നന്ദിച്ചു. സർദാർ പട്ടേൽ മനോഹരമായ ഒരു സ്മാരകഗ്ര ന്ഥം അദ്ദേഹത്തിനു സമർപ്പിച്ചു.

81-ാം ജന്മദിനാഘോഷത്തിൽ ശ്രീ. ജവഹർലാൽ നെഹ്റു പറഞ്ഞു:—

"രാഷ്ട്രത്തിൻെറ വിവിധഭാഗങ്ങളിൽ കുന്നുകളിലും കാട്ടുകളിലുമായി താമസിക്കുന്ന ഹരിജനങ്ങളും ആദിവാസികളുമായി തക്കർബാപ്പാ താദാത്മ്യം പ്രാപിച്ചുകഴിഞ്ഞിട്ടുണ്ട്. അവരിൽനിന്നും അദ്ദേഹത്തെ വേർപ്പെടുത്തുക എന്നതു ആലോചിക്കാൻപോലും സാദ്ധ്യമല്ല."

കാൺഗ്രസ്സ് പ്രസിഡണ്ട് ശ്രീ. ഡാക്ടർ പട്ടാഭി സീതാരാമയ്യ പറഞ്ഞു:—

തക്കർബാപ്പാ രാഷ്ട്രത്തിൻെറ പുനർനിമ്മാണത്തിൽ മഹത്തായ ഒരു പങ്കാണ് വഹിച്ചിട്ടുള്ളതു്."

ശ്രീ. ജഗജ്ജീവൻറാമാകട്ടെ ബാപ്പാ ആധുനികയുഗത്തിൻെറ ദധീചിയാണെന്നു പറഞ്ഞു. ശർമ്മാസ്സത്തസംഗീതത്തിലാണെങ്കിൽ അദ്ദേഹത്തെ യോഗിരാജാവ് എന്നാണ് അഭിസംബോധന ചെയ്തിരുന്നതു്. ബാപ്പയാകട്ടെ എല്ലാവരുടേയും അഭിനന്ദനങ്ങൾ സ്വീകരിച്ചു സഹജമായ വിനയശീലത്തോടെ പറഞ്ഞു.

"എനിക്കു വൈഷ്ണവനാകാൻ കഴിഞ്ഞിട്ടില്ല. ഞാൻ യോഗിരാജാവുമല്ല. ഒരു എളിയ സേവകൻ മാത്രമാണ് ഞാൻ"

ഇതു പറഞ്ഞുതീരുമ്പോഴേക്ക് അദ്ദേഹത്തിൻെറ കൺകളിൽ വെള്ളം നിറഞ്ഞു!

വൈകുന്നേരം ഹരിജൻ സേവക്സംഘം കായ്യാലയത്തിലെ 'ഹരിജൻ നിവാസിൽ' വെച്ചും ശ്രീ. പുരുഷോത്തംദാസ്താണ്ഡൻെറ അദ്ധ്യക്ഷതയിൽ ഒരു അഭിനന്ദനയോഗം ചേരുകയുണ്ടായി.

## ഉപസംഹാരം

ജീവിതത്തിൻെറ അവസാനവഷ്ങ്ങളിൽ ബാപ്പാ വളരെ ക്ഷീണിതനായി കാണപ്പെട്ടു ഇതുകണ്ടു പലരും അദ്ദേഹത്തോട്ട് ഈ യാത്രകളെല്ലാം ഒന്നു നിത്തണമെന്നും പ്രവത്തകക്ക് ഉപദേശങ്ങളും നിദ്ദേശങ്ങളും നല്കികൊണ്ട് ഇവിടെത്തന്നെ കഴിച്ചാൽ മതിയെന്നും അഭ്യത്ഥിക്കുകയു ണ്ടായി. അദ്ദേഹം പറഞ്ഞ മറുപടി ഇതായിരുന്നു:

"ഞാൻ ഈ ഉപദേശം സ്വീകരിക്കുകയാണെങ്കിൽ വേഗത്തിൽ മരിച്ചുപോകും. വിശ്രമം എന്നതു് എനിക്ക് അകാലമരണമായിരിക്കും. കട്ടിലിന്മേൽ കിടന്നുമരിക്കാതെ പ്രവത്തിച്ചുകൊണ്ടു് മരിക്കാനാണ് ഞാൻ ആഗ്രഹിക്കു ന്നതു്. ശരീരം ക്ഷീണിച്ചിട്ടുണ്ടു്, അതു് വാദ്ധക്യത്തിൻെറ പണിയാണ്. പക്ഷെ എൻെറ മനസ്സ് ക്ഷീണിച്ചിട്ടി ല്ലല്ലോ !"

കൂടുതൽ ഉപദേശിക്കാൻ ആരും ധൈര്യപ്പെടാറില്ല.

കണ്ണുകൾക്കു് കാഴ്ചകുറഞ്ഞു. ഹൃദ്രോഗം മൂന്നുനാല് തവണ ആക്രമിച്ചുകഴിഞ്ഞു. ഭക്ഷണംകഴിക്കൽ വളരെ കുറഞ്ഞു. എന്നിട്ടും പ്രവത്തനശക്തി ക്ഷയിച്ചില്ല. കൂടി വന്നേ ഉള്ളൂ. പുതിയ പുതിയ പ്രവത്തനങ്ങൾ അപ്പോഴും ഏറെറടുത്തിരുന്നു. കോൺസ്റ്റിററ്യൂവൻറ് അസംബ്ളി യിൽ പോയശേഷം കാര്യപ്രാപ്തി അധികവും ശക്തിമ ത്തുംആയി. ദിവസവും കൃത്യസമയത്തു് അസംബ്ളിയിൽ പോകും. അവസാനിക്കുന്നതുവരെ അവിടെ ഇരിക്കും. ഭര

ണഘടനയുടെ ഓരോ വകുപ്പും ആലോചനക്കെടുക്കുമ്പോഴും അത് കേഠംക്കും നല്ലപോലെ ആലോചിക്കും. അതുപോലെ ഹരിജൻ സേവക്സംഘത്തിൻെറയും ആദിമജാതി സേവക്സംഘത്തിൻെറയും കാര്യങ്ങളും ശ്രദ്ധിച്ചിരുന്നു. ഇതിന്നുംപുറമെ അഭയാത്ഥികഠംക്ക് കടംകൊടുക്കുന്ന കമ്മിററിയുടെ യോഗങ്ങഠംക്കും പോരുകണ്ടതുണ്ടായിരുന്നു. കസ്തൂർബാ ട്രസ്റ്റിൻെറ ഉത്തരവാദിത്തവും ഉണ്ടായിരുന്നു. ഗാന്ധി സ്മാരകനിധിയിലും താല്പര്യം കാണിച്ചിരുന്നു. കഷ്ടപ്പെടുന്നവരുടെയും അധഃകൃതരുടെയും എത്രയെത്രകാര്യങ്ങഠം തലക്കുവന്നുവീണാലും വേണ്ടില്ല, കഴിയില്ലെന്നുപറഞ്ഞു ബാപ ഒന്നിൽനിന്നും ഒഴിയുമായിരുന്നില്ല. പ്രവൃത്തിക്കുവാനുള്ള അദ്ദേഹത്തിൻെറ ആഗ്രഹത്തിനും അതിരുണ്ടായിരുന്നില്ല.

കാലത്ത് 8 മണിമുതൽ രാത്രി പത്തുമണിവരെ ഇതേപടി ചക്രം തിരിഞ്ഞുകൊണ്ടിരുന്നു. ഒരു നിമിഷംപോലും അദ്ദേഹം വൃഥാകളഞ്ഞിരുന്നില്ല. ആപ്പീസിലെ കത്തുകളും കണക്കുകളും വായിച്ചുകേഠംക്കുകയാവും ചിലപ്പോഠം, ചിലപ്പോഠം അവക്ക് മറുപടി പറഞ്ഞുകൊടുക്കുകയാവും. ഏതു പരിതസ്ഥിതിയിലും ഒരു കത്തിൻെറ മറുപടി അടുത്തദിവസത്തേക്ക് താമസിപ്പിച്ചിരുന്നില്ല. അതാത് ദിവസത്തെ പണി അതാതുദിവസം തീക്കണമെന്നത് ബാപയുടെ സ്വഭാവമായിത്തീന്നിരുന്നു. ഡയറി എഴുതുവാനും അദ്ദേഹം മറന്നിരുന്നില്ല. എഴുതിയിരുന്നതിലെല്ലാററിലും കണക്കുകളും വസ്തുതകളും കൃത്യമായികൊടുത്തിരിക്കും. ഒരു യഥാ

ത്ഥ സത്യഗ്രഹിയെ അദേഹത്തിൽ ദശിക്കാമായിരുന്നു. പുറമെനിന്ന് ശുഷ്കവും വിരസവുമായിത്തോന്നിയേക്കാവുന്ന അദ്ദേഹത്തിൻെറ ഏതു് ദിനചര്യയും യഥാൎത്ഥത്തിൽ അദ്ദേഹത്തിന്ന് വളരെ മധുരവും പ്രിയതരവുമായിരുന്നു.

ബാപ്പയുടെ ഹൃദയം സങ്കുചിതമായിരുന്നുവെന്നു ഒരു സംഗതിവശാലും ആരും ധരിക്കാനിടവരരുതു്. സ്ഫടികനിൎമ്മലമായിരുന്ന അദ്ദേഹത്തിൻെറ ഹൃദയാന്തൎഭാഗത്തു സഹജീവിസ്നേഹവും ഈശ്വരഭക്തിയും നിരന്തരം പ്രവഹിച്ചുകൊണ്ടിരുന്നു. ആ പരിശുദ്ധ സ്നേഹപ്രവാഹത്താൽ തന്നെയാണ് അദ്ദേഹത്തിൽ ജനസേവനത്തിൻേറയും സഹോദരഭക്തിയുടേയും ചെടികൾ മുളച്ചുവളൎന്നതു്. അദ്ദേഹം ഇടക്കിടെ സ്വയം ആലപിക്കാറുള്ള

"മൻ മേരാ ലഗാ യാർ ഫകീരീ മേം എന്നോ

മോ സം കോൻ കുടിൽ ഖൽ കാമീ എന്നോ ഉള്ള ഗീതങ്ങൾ ആലപിച്ചു കേട്ടിട്ടുള്ളവർ എങ്ങിനെ അദ്ദേഹത്തെ സങ്കുചിതഹൃദയനെന്നു പറയും?

സ്വന്തം ഹൃദയത്തിൽനിന്നു സ്വാൎത്ഥപൂൎണ്ണമായ സുഖദുഃഖങ്ങളെ അദ്ദേഹം ഒഴിവാക്കി പകരം സമവേദനയും സേവനൗത്സുക്യവുംകൊണ്ടു അതു നിറച്ചു. അദ്ദേഹത്തിൻെറ ജീവിതാനന്ദം, ഭൌതിക സുഖങ്ങളിൽനിന്നുള്ള നഷ്ടനേട്ടങ്ങളെ കണക്കാക്കുന്ന നാം എങ്ങിനെ അറിയാനാണ്?

ഡെൽഹിയിൽ ബാപ്പുയുടെ ആരോഗ്യം ദിനംപ്രതി ക്ഷയിച്ചുകൊണ്ടു വന്നപ്പോൾ കുറച്ചുദിവസം ഭവനഗറിൽ

അദ്ദേഹത്തിൻെറ സഹോദരൻ ഡാക്ടർ കേശവലാലിൻെറ അടുത്തുപോയി ചികിത്സിക്കുവാനും വിശ്രമമെടുക്കുവാനും അദ്ദേഹത്തോടഭ്യത്ഥിച്ചു. അങ്ങിനെ 1950 മാച്ച് 20-ാം നു- അദ്ദേഹം അവസാനമായി ദൽഹി വിട്ടു. ഭവനഗറിലും അദ്ദേഹത്തിൻെറ സുഖക്കേടു മാറിയില്ല. ശക്തി ദിനംപ്രതി കുറഞ്ഞു കുറഞ്ഞു വന്നു. എന്നാലും കഷ്ടപ്പെടുന്നവരെക്കുറിച്ചുള്ള ഓമ്മമാത്രം വിട്ടുമാറിയില്ല.

മലബാറിലെ നായാടികളെപ്പററി ഈ അവസരത്തിലാണ് അദ്ദേഹത്തിനു ഓമ്മവന്നതു്. താനവരെ മലബാറിൽ കണ്ടിരുന്നുവെങ്കിലും അവക്കുവേണ്ടി പ്രവത്തനമൊന്നും തുടങ്ങിവെച്ചില്ലല്ലോ എന്നു വ്യാകുലനായി. മലബാറിൽ അന്നു പ്രവത്തനമാരംഭിച്ചുകഴിഞ്ഞ അദ്ദേഹത്തിൻെറ വത്സല ശിഷ്യൻ ശ്രീ. എൽ. എൻ. റാവുവിന്നു് ഇതിനെപ്പററി അദ്ദേഹം എഴുതി. അതിൻഫലമായാണ് ഇന്നു കടവാന്, എടക്കര, മൂന്നുക്കോട്ട് എന്നിവിടങ്ങളിൽ നായാടികോളനികൾ സ്ഥാപിക്കാനിടയായതും. അവക്കുവേണ്ടി ക്ഷേമപ്രവത്തനങ്ങൾ ഹരിജൻ സേവക്സംഘം ചെയ്തുകൊണ്ടിരിക്കുന്നതും.

എല്ലാവരുടേയും സുഖസ്ഥിതിയിൽ അദ്ദേഹത്തിനു എപ്പോഴും ഓമ്മയുണ്ടായിരുന്നു. ആരുടെയെങ്കിലും കഷ്ടസ്ഥിതിയെപ്പററി കേട്ടാൽ അതു മാററാൻ എന്തു ചെയ്യണമെന്നായി ഉടനെ ആലോചന. ഭീൽസേവാമണ്ഡലം, ഹരിജൻ സേവക്സംഘം, ആദിമജാതി സേവക്സംഘം

തുടങ്ങി തനിക്കു പ്രിയപ്പെട്ട സ്ഥാപനങ്ങളെ അവസാന നിമിഷംവരേയും അദ്ദേഹം വിസ്മരിച്ചില്ല.

അങ്ങിനെ 1951 ജനവരി 19-ാംനു-യിലെ ആ ദുർദ്ദിവസവും എത്തിച്ചേൎന്നു. അന്നു അദ്ദേഹം തന്റെ ഭൌതികശരീരം, അവസാന നിമിഷംവരേയും മററുള്ളവരുടെ നന്മക്കായി ഉപയോഗപ്പെടുത്തി, ഉപേക്ഷിച്ചുകളഞ്ഞു. യശശ്ശരീരിയായ അദ്ദേഹത്തിനു മരണമില്ല. സ്വന്തം പേരായ അമൃത് എന്നതിനെ പുണ്യകൃത്യങ്ങളെക്കൊണ്ടു അദ്ദേഹം സാൎത്ഥവത്താക്കി.

ദീനബന്ധു തക്കർബാപ ഇന്നും ജീവിക്കുന്നു. പ്രവൎത്തിക്കുന്നു; നാളെയും ജീവിക്കും പ്രവൎത്തിക്കും.

## അനുബന്ധം 1

## തക്കർബാപയെപ്പററി

**1. ഗാന്ധിജി.**

"തക്കർബാപ ഒരു എളിയ ജനസേവകനാകുന്നു. അദ്ദേഹം പ്രശംസ കാംക്ഷിക്കുന്നില്ല. അദ്ദേഹത്തെ ആനന്ദിപ്പിക്കുന്നതു പ്രവൎത്തനമാണു്, അതാണദ്ദേഹമിഷ്ടപ്പെടുന്ന ഉപഹാരവും. വാൎദ്ധക്യത്തിനു് അദ്ദേഹത്തിന്റെ ഉത്സാഹത്തെ മന്ദീഭവിപ്പിക്കാൻ കഴിഞ്ഞിട്ടില്ല അദ്ദേഹം സ്വയം ഒരു സ്ഥാപനമായിത്തീൎന്നിരിക്കുന്നു."

**2. ജവഹർലാൽനെഹറു**

"ആദിവാസികൾക്കും അതുപോലെയുള്ള പിന്നണി സ്സമുദായക്കാൎക്കും വേണ്ടിയുള്ള സുദീൎഘമായ കാലത്തെ

SOUTHERN LANGUAGES BOOK TRUST LIBRARY

സേവനത്താൽ—അവക്കാണ് ഇതു ഏററവും ആവശ്യമായിരുന്നതും—അദ്ദേഹം ഈ നാട്ടിൽ അവരുടെ ഒരു സ്ഥാപനമായിത്തീൎന്നിട്ടുണ്ട്."

### 3. രാജേന്ദ്രപ്രസാദ്.

"ഹരിജനങ്ങളുടേയും ആദിവാസികളുടേയും സേവനം അദ്ദേഹം തൻെറ ജീവിതധൎമ്മമായെടുത്തു. അവരെപ്പററി സ്മരിക്കാത്തതോ അവക്കുവേണ്ടി എന്തെങ്കിലും ചെയ്യാത്തതൊ ആയ ഒരു നിമിഷം അദ്ദേഹത്തിൻെറ ജീവിതത്തിൽ ഉണ്ടായി എന്നു വരില്ല.

അങ്ങിനെ ഇന്നു് ഒരു നിസ്വാൎത്ഥസേവകനെയോ സേവനത്തേയോപ്പററി ആലോചിക്കുമ്പോഴെല്ലാം തക്കർബാപയുടെ രൂപം എൻെറ സ്മരണയുടെ മുന്നിൽ വരുന്നു."

### 4. ഗോപാലകൃഷ്ണഗോഖലേ.

"ശ്രീ തക്കറിനെപ്പോലെയുള്ള ആളുകളാണ് ഭാരതസേവാസംഘത്തിൻെറ കീൎത്തിയെ പരത്തുക. അദ്ദേഹം യോഗ്യനും, പരിശ്രമിയും, ചുറുചുറുക്കോടുകൂടിയവനും മാത്രമല്ല ഉന്നതലക്ഷ്യങ്ങളോടുകൂടി ഒരു യഥാൎത്ഥ നിസ്വാൎത്ഥസേവകനാണ്."

### 5. വിനോബാ.

"ഭാരതം മുഴുവനും മുൻസിപ്പാലിററികളിലും പുറത്തും, എവിടെയെവിടെ ഭംഗികൾ താമസിക്കുന്നുണ്ടോ അവിടെയവിടെ അവരുടെ ഉദ്ധാരണത്തിനുള്ള പ്രവൃത്തികൾ ഒരു വ്യക്തമായ അടിസ്ഥാനത്തിൽ ആസൂത്രിതമാകട്ടെ........

തക്കർബാപ്പയുടെ ഹൃദയത്തിന് ആനന്ദം നല്കുന്ന ഉത്തമമായ സ്മാരകഗ്രന്ഥം അതായിരിക്കും."

അനുബന്ധം 2.

## തക്കർബാപ്പയുടെ പുണ്യവചനങ്ങൾ

"ഹരിജനങ്ങളെ നാം തികച്ചും നമ്മോടൊപ്പം ഉയർത്തുക, അവർക്ക് തലയുയർത്തി ആത്മാഭിമാനത്തോടുകൂടി ജീവിക്കാറാക്കുക, ഇത്രയും നമ്മുടെ അഭിലാഷമാണ്, അതു സാധിപ്പിക്കാൻ ഈശ്വരൻ അനുഗ്രഹിക്കട്ടെ"

"തോട്ടികൾ മാതാവിനെപ്പോലെ നമ്മെ ശുശ്രൂഷിക്കുന്നു, ഒരമ്മ തന്റെ കുട്ടിയുടെമേൽ ചളികണ്ടാൽ എങ്ങിനെ കഴുകിവൃത്തിയാക്കുന്നുവോ, അപ്രകാരം സമുദായ ശരീരത്തിലെ മാലിന്യത്തെ ആ സഹോദരൻ കഴുകിക്കളയുന്നു. അതിനാൽ അമ്മയെപ്പോലെ അവരുടെ സമുദായത്തെ ശുശ്രൂഷിക്കുക നമ്മുടെ ചുമതലയാണ്."

"എനിക്ക് വാർദ്ധക്യകാലമായി, എനിക്ക് ഇനി ഒരാഗ്രഹമേ ഉള്ളൂ. കണ്ണടക്കുന്നതിനുമുമ്പ് എല്ലാ സ്റ്റേററിലും ആദിവാസിക്ഷേമ പ്രവർത്തനം ആരംഭിച്ചുകാണണം"

"ഈശ്വരാജ്ഞ മനുഷ്യന്റെ ആജ്ഞയേക്കാൾ ശക്തിയേറിയതാണ്. അതിനാൽ അതിനെ തെററിനടക്കുവാൻ ക്ഷണനേരംപോലും ആശിക്കരുത്"

"ഞാൻ ഒരു വളരെ നിസ്സാരനായ സേവകനാണ്. ഒരു ബുദ്ധിശാലിക്കുചേർന്ന യാതൊരു പ്രവർത്തിയും ഞാൻ

ചെയ്തുകാണിച്ചിട്ടില്ല. സേവനവും കൂലിപ്പണിയും മാത്രമേ ഞാൻ ചെയ്യുന്നുള്ളൂ."

## അന്ത്യാപേക്ഷ

"എന്നെക്കൊണ്ടുള്ള ഉപയോഗം പൂർത്തിയായി എന്നും എൻെറ ശക്തി പൂർണ്ണമായി ഉപയോഗപ്പെടുത്തിക്കഴിഞ്ഞുവെന്നും ഞാൻ കരുതുന്നു. എൻെറ ജീവിതത്തിൻെറ 79 വർഷങ്ങൾ ഞാൻ പൂർത്തിയാക്കിക്കഴിഞ്ഞു അല്പം ആഴ്ചകൾക്കുള്ളിലോ മാസങ്ങൾക്കുള്ളിലോ എൻെറ സുഹൃത്തുക്കൾ എൻെറ ചുമലിൽനിന്നു ഈ ഭാരമെല്ലാമിറക്കി എന്നെ വിമുക്തനാക്കുമെന്നു ഞാൻ കരുതുന്നു. ഈശ്വരസൃഷ്ടമായ ഈ ലോകത്തിൽ ഒരാളുടെ കുറവ് അനുഭവപ്പെടുക വിഷമമാണു് അതാതവസരത്തിൽ സൃഷ്ടികർത്താവ് ആ ഒഴിവുകൾ നികത്തിക്കൊണ്ടിരിക്കുന്നു."

# നവീന പ്രസിദ്ധീകരണങ്ങൾ.

| | | | |
|---|---|---|---|
| **പാതിരാസൂര്യന്റെ നാട്ടിൽ**— എസ്സ്. കെ. പൊറ്റെക്കാട്ട് | 2 | 4 | 0 |
| **ശ്രീരാമകൃഷ്ണകർണ്ണാമൃതം**— വ്യാഖ്യാ: കെ. വി. എം. | 2 | 12 | 0 |
| **ആബുതൊട്ട് ബീഹാർവരെ**— രാഹുൽജി | 1 | 4 | 0 |
| **വാശിയുടെ വാഴ്ച**— വിദ്വാൻ, ഇ. പി. ഭരതപിഷാരടി | 1 | 0 | 0 |
| **വീരപ്രതിജ്ഞ**— വിദ്വാൻ ചെറുശ്ശേരി മാധവമേനോൻ | 1 | 4 | 0 |
| **ചിന്താദളങ്ങൾ**— പി. ഗോവിന്ദമേനോൻ, B. A., B. T. | 1 | 4 | 0 |
| **അരവിന്ദഘോഷ്**— വിവ: കെ. എൻ. പോററി | 1 | 0 | 0 |
| **വൈരമോതിരം**— ഇടവാജമാൽ, M.A.L.T. | 1 | 12 | 0 |
| **അഭിജ്ഞാനശാകുന്തളം**— കുററിപ്പുറം | 2 | 0 | 0 |
| **ഘാതകന്റെ ഒളിച്ചുകളി**— സി കെ. എസ്സ്. | 1 | 4 | 0 |
| **ഉയരുന്നഒരാത്മാവ്**— വിദ്വാൻ, പി. രാധാകൃഷ്ണൻനായർ | 0 | 6 | 0 |
| **പാക്കനാർ**— കെ. വി. എം. | 0 | 8 | 0 |
| **വിദൂരവീക്ഷണം**— വിദ്വാൻ & ശിരോമണി രാമചന്ദ്രൻ, വടക്കേടത്ത് | 1 | 0 | 0 |
| **നല്ലമനുഷ്യൻ**— ഹബീബ് വലപ്പാട്ട് | 1 | 0 | 0 |
| **എങ്ങിനെ സംഭവിച്ചു**— ബി. ജി. കുറുപ്പ് | 1 | 12 | 0 |
| **തക്കർബാപ**— വിവ: ടി. പി. ആർ. നമ്പീശൻ | 1 | 0 | 0 |

പി. കെ. ബ്രദേഴ്സ്, കോഴിക്കോട്.

ദീനബന്ധു

# തക്കർബാപ്പാ

SOUTHERN LANGUAGES BOOK TRUST
LIBRARY
MADRAS.



32
10/3000

ടി. പി. ആർ. നമ്പീശൻ.